032:3M983:11 F5 MALATI DEVI BALAKRISHNA PANIKKAR

032:3M983:11
F5

983:11 F5
UNA PANI-
MUL
050791

DOCTRINA VIM PROMOVET INSITAM

**Madras University Library.**

Call Number 032:3M983:11 F5

Accession Number 50791

Available for loan from

This book should be returned on or befor
the date last marked below.

12 FEB 1951
2 AUG 1953

61

Malathi Devi

# മാലതീദേവി.

UNIVERSITY LIBRARY
1 APR 1930
MADRAS

ഗ്രന്ഥകൎത്താവ്:
വി. സി. ബാലകൃഷ്ണപണിക്കർ.
V. C. Balakrishna panikkar
V. C. Balakrishna Panikkar

രണ്ടാംപതിപ്പ്

പ്രസാധകൻ
കെ. ശങ്കരൻ മൂസ്സത്.

ജ്ഞാനസാഗരം പുസ്തകശാല,
തൃശ്ശിവപേരൂർ.
1100./1925

പകൎപ്പവകാശം പ്രസാധകനുള്ളതാകുന്നു. [വില 0_6_0

50791.
032:3M983:11
F5

UNIVERSITY LIBRA
4 APR. 19 9
MADRAS

# മാലതി

## ഒന്നാം അദ്ധ്യായം.

മാലതി_ ഹാ! അവൾ നല്ല ഒരു പെൺകുട്ടിയാകു
ന്നു. ആകൃതികൊണ്ടും, പ്രകൃതികൊണ്ടും അവൾ നിൎമ്മല
യാണ്. പതിമൂന്നു വയസ്സു പ്രായം. നല്ല ഒരു തറവാട്ടിൽ
പിറന്നു നന്നെ ചെറുപ്പത്തിൽ ആലശീലയൊന്നുമില്ലാതെ
ഇരുന്നിരുന്ന ഒരമ്മയുടെ മുല കുടിച്ചു വളൎന്നുകൊണ്ടു മാ
ലതിയുടെ മുഖത്തു നല്ല രക്തപ്രസാദവും, കണ്ണിന്നു കാ
ന്തിയും, വിരിവും, അംഗങ്ങൾക്ക് അഴകും വെടിപ്പും ഒക്കെ
ഉണ്ട്. ഇപ്പോൾ, അലട്ടു തട്ടി, അങ്ങുമിങ്ങും അല്പാല്പം
മങ്ങി മയങ്ങിട്ടുണ്ടെങ്കിലും അവളുടെ ശരീരത്തിൽനിന്നു,
നല്ല നിരോട്ടമുള്ള ഒരു വൈരക്കല്ലിൽനിന്നെന്നവണ്ണം,
ഒരു കാന്തികന്ദളം കവിഞ്ഞു, നാലുപാടും ഒഴുകുന്നുണ്ട്.
അവൾ, പൂമൊട്ടുപോലെ, മംഗലകരമായ ഒരു ഭാവിയെ
സൂചിപ്പിച്ചിരുന്നു. അവളുടെ അച്ഛൻ, പണംകൊണ്ടും,
ഗുണംകൊണ്ടും മലയാളത്തിലെങ്ങും മറുകരകളിൽപോ
ലും, കേൾവിപ്പെട്ട ഒരു പുരുഷകേസരിയായിരുന്നു. ഏക
പുത്രിയായ മാലതി അദ്ദേഹത്തിന്റെ കണ്ണിലുണ്ണിയായി
രുന്നു. അരിമക്കൊടിയായിട്ടാണ് അദ്ദേഹം മകളെ വള
ൎത്തിയിരുന്നത്. അദ്ദേഹം ഇരിക്കുമ്പോൾ മാലതിയുടെ പ
ദവി ഒരു രാജകുമാരിക്കുപോലും അസൂയ തോന്നിപ്പിക്ക
ത്തക്ക ഒന്നായിരുന്നു.

മാലതിയുടെ അച്ഛൻ മരിച്ചിട്ട് എട്ടു കൊല്ലം കഴിഞ്ഞു. അദ്ദേഹത്തിൻെറ സ്വന്തസമ്പാദ്യമായി ഏകദേശം പത്തുലക്ഷം ഉറുപ്പിക വിലവരുന്ന ഭൂസ്വത്തുണ്ടായിരുന്നു. മരിക്കുമ്പോൾ ആ സ്വത്തെല്ലാം മാലതിക്കു കിട്ടത്തക്കവണ്ണം ഒരു മരണപത്രം എഴുതിവെച്ചിരുന്നു. അതു റജിസ്റ്റാക്കിയിരുന്നില്ല. എങ്കിലും യോഗ്യന്മാരും വലിയ സ്ഥിതിയിൽ ഇരിക്കുന്നവരുമായ ഒന്നുരണ്ടു പേർ അതിൽ സാക്ഷികളായിരുന്നു. ഇതൊന്നും ഓക്കാതേയും ഗണിക്കാതേയും അദ്ദേഹത്തിൻെറ അനന്തിരവന്മാർ ആവക സ്വത്തുക്കൾ എല്ലാം അടക്കി എടുത്തു. മാലതിയുടെ അമ്മ അവരോടു വളരെ സാദ്ധ്യം പറഞ്ഞുനോക്കി. അല്പവൃത്തി വല്ലതും കൊടുത്താൽ അവർ ആവലാതി കൂടാതെ ഒഴിഞ്ഞുകളയാമെന്നു സമ്മതിച്ചു. ഈ കാൎയ്യത്തിൽ ഭേദപ്പെട്ട ചില നാട്ടുപ്രമാണികൾ ഇറങ്ങി മദ്ധ്യസ്ഥസംസാരം ചെയ്തു. ഒന്നുകൊണ്ടും ഫലമുണ്ടായില്ല. അനന്തിരവന്മാർ അവരുടെ 'മക്കടമുഷ്ടി' വിട്ടതുമില്ല. അങ്ങേ ഭാഗക്കാർ ന്യായമായി വഴിപ്പെടുന്നില്ലെന്നു വന്നപ്പോൾ മാലതിയുടെ അമ്മ വേണ്ടത്തക്ക ചിലരോടുകൂടി ആലോചിച്ചു വ്യവഹാരം കൊടുത്തു. അവർ ചില്ലറയായ ചില 'കുറിയും തറിയും' കൂടി ഉണ്ടാക്കി നേടിവെച്ചിരുന്ന സ്വല്പസംഖ്യയും അവരുടെ പണ്ടങ്ങളും ആദ്യവ്യവഹാരം കഴിഞ്ഞപ്പോഴയ്ക്കുതന്നെ നശിച്ചു. ആദ്യവ്യവഹാരം അവൎക്കു ദോഷമായി. അപ്പീലിനുവേണ്ടി കുടിയിരുപ്പും അതിൽപെട്ട വീടും മററു ഇളകുന്ന സ്വത്തുക്കളും പണയം കൊടുത്തു. അപ്പീലും തോററു. അപ്പോൾ വീടും മറെറല്ലാസ്വത്തുക്കളും തീറു വിററു പണം വാങ്ങി പ്രിവികൌൺസിലിൽ അ

പ്പിൽ കൊടുക്കേണ്ടി വന്നു. പ്രിവികൌൺസിൽ വിധിയു ടെ ഫലം അറിഞ്ഞിട്ടില്ല.

ഇപ്പോഠം മാലതിയും അമ്മയും തനിച്ച് ഒരു ചെറു കുടിലിലാണു പാക്കുന്നത്. വീടും മററും വിററശേഷം അവർ സ്വദേശം വിട്ടു. ഒരു ജന്മിയുടെ സഹായംകൊണ്ട് അദ്ദേഹത്തിൻെറ വക ഒരു പറമ്പിൽ ഒരു ചെറിയ പുര പാക്കാൻ കിട്ടിട്ടുണ്ട്. ആഹാരത്തിനു വേണമെങ്കിൽ വ ല്ല ദിക്കിലും പോയി നെല്ലു കുത്തുകയൊ മററു വല്ല പ ണികളും ചെയ്കയോ തന്നെ വേണം. ആകപ്പാടെ അവ രുടെ കഥ, വിവരിക്കാൻ വയ്യാത്ത നിലയിൽ, പരുങ്ങ ലായിരിക്കുന്നു.

തിരുവില്വാമലെ അമ്പലത്തിൽ ഉത്സവം തുടങ്ങിയി രിക്കുന്നു. അന്ന് ഒരു ദിവസം മാലതിയുടെ അമ്മ നെല്ലു കുത്തിയോ മറെറാ മടങ്ങി വൈകുന്നേരം വീട്ടിൽ വന്ന ശേഷം അവൾക്ക് ഒരു പനി തുടങ്ങി. പിറേറ ദിവസത്തേ ക്കു, പനിയുടെ കാഠിന്യംകൊണ്ട് അവർ കിടപ്പിലാവുക യും ചെയ്തു. പിന്നെ പട്ടിണി കിടക്കുകയല്ലാതെ ഒരു നിവൃ ത്തിയുമില്ലാ. മാലതിക്ക് അന്യൻെറ വീട്ടിൽ പോയി പ ണിയെടുത്തിട്ടോ മററുള്ളവരോടു വല്ലതും ഇരന്നു വാങ്ങി യിട്ടോ ഉള്ള പരിചയമില്ലാ. അമ്മ കിടപ്പിലായതു മുതൽ അവളും ഉപവാസമായിരിപ്പാൻ നിശ്ചയിച്ചു. ഇടയ്ക്കു വ ല്ല താളോ, തകരയോ പറിച്ചു വെച്ചുതിന്നും. വെള്ളം കാ ച്ചി കുടിപ്പാനാണെങ്കിൽ ഒരുമണി അരിപോലും ആ വീ ട്ടിൽ ഉണ്ടായിരുന്നില്ല. രണ്ടുദിവസം ഇങ്ങിനെ കഴിഞ്ഞു.

ആറാട്ടുന്നാഠം മാലതിയുടെ അമ്മയ്ക്കു ദീനത്തിന്ന് അല്പം ആശ്വാസം കിട്ടി. അവർ വെറും മൂർച്ഛ വിട്ടുണ

ന്നു. നേരം രാത്രി എട്ടുമണി കഴിഞ്ഞിരിക്കുന്നു. അപ്പോഴാണു മാലതിയുടെ അമ്മ കണ്ണു തുറന്നതു്. അവൎക്കു വല്ലതും കഴിച്ചാൽകൊള്ളാമെന്നുണ്ടായിരുന്നുവെങ്കിലും അവർ ഭക്ഷണത്തെപ്പററി ഒന്നും പറഞ്ഞില്ല. മാലതി, ജീരകമിട്ടു തിളപ്പിച്ചുവെച്ചിരുന്ന വെള്ളം കുറെ എടുത്തു് ആററി അമ്മയ്ക്കു കൊടുത്തു. അമ്മയ്ക്കു കുറച്ചു കഞ്ഞി വെച്ചു കൊടുത്താൽ കൊള്ളാമെന്നു് അവൾ കൊതിച്ചുവെന്നു പറയേണ്ടതില്ലല്ലോ. സാധുപെണ്ണു്! അവൾ എന്തു ചെയ്യും? ആരോടു ചോദിക്കും? ചോദിച്ചാൽ കൊടുക്കാനാരു്? അഥവാ കൊടുക്കുമെന്നുണ്ടെങ്കിൽതന്നെ അവൾക്കു് ഒന്നും യാചിപ്പാൻ അറിഞ്ഞുകൂട. കയ്യിൽ ഉള്ളതു കൊടുപ്പാൻ അല്ലാതെ ഇല്ലാത്തതു ചോദിച്ചു വാങ്ങുവാൻ പഠിച്ചിട്ടില്ലാ. അമ്മയുടെ വിളൎത്ത മുഖത്തു നോക്കിയപ്പോൾതന്നെ മാലതിക്കു് അവരുടെ പാരവശ്യം കണ്ടു കണ്ണു കലങ്ങിക്കഴിഞ്ഞു. അവരുടെ അന്തൎഗ്ഗതം അവൾക്കു നല്ലവണ്ണം അറിയാം. എന്നാൽ എങ്ങിനെയാണു നാഴി കഞ്ഞിയെങ്കിലും വെച്ചുകൊടുക്കേണ്ടതു്? ഈശ്വരാ! അവൾക്കു വ്യസനം സഹിക്കവയ്യാതായി. ആകപ്പാടെ വിചാരിച്ചു് അവളുടെ ഇടനെഞ്ഞു പൊട്ടിത്തുടങ്ങി.

അവിടെത്തന്നെ ഇരുന്നു കരഞ്ഞിട്ടു ഫലമില്ലെന്നു നിശ്ചയിച്ചു് അവൾ വീട്ടിൽനിന്നു പുറത്തു കടന്നു് കൂരാക്കൂരിരുട്ടത്തു നടന്നു തുടങ്ങി. കരയുവാൻപോലും അവൾക്കു ശേഷി ഇല്ലായിരുന്നു. അവൾ, നടക്കുമ്പോൾ പ്രാഞ്ചിപ്രാഞ്ചി വഴിയിൽ വീഴാൻ പോയിരുന്നു. അമ്മേ! അമ്മേ! എന്നു വിളിച്ചു പൊട്ടിപ്പൊട്ടി കരഞ്ഞുകൊണ്ടാണു് അവൾ നടന്നതു്. കഷ്ടമേ! കഷ്ടം!

മാലതി പോയത് അമ്പലത്തിലേക്കാണ്. അവിടെ കഴകക്കാരിയായ ഒരു വാരസ്യാരുണ്ട്. അവക്ക് മാലതിയെ വലിയ പത്ഥ്യമാണ്. എങ്ങിനെയെങ്കിലും അവരോടു നാഴിയരി ചോദിച്ചു വാങ്ങുകതന്നെ എന്നുറച്ചാണ് അവൾ അമ്പലത്തിലേക്കു പോയത്. അന്ന് ആറാട്ടായതുകൊണ്ടു വാരിയത്ത് ആരും ഉണ്ടാവില്ലെന്ന് അവൾക്ക് അറിയാമായിരുന്നു. അവൾ നേരെ പോയി കുളിച്ചുശേഷം അമ്പലത്തിന്നുള്ളിൽ കടന്നു. വാരസ്യാരെ വളരേനേരം അന്വേഷിച്ചു. എവിടേയും കണ്ടില്ലാ. മാലതിക്ക വല്ലാതെ കരച്ചിൽ വന്നു. കരച്ചിൽ അടക്കിക്കൊണ്ട് അവൾ പുറത്തെ ചുററിൽ കടന്ന് അല്പം നടന്നു. തലതിരിഞ്ഞ് അവൾ അമ്പലത്തിന്നുള്ളിൽ വീണുപോയി.

പെട്ടെന്ന് ഒരു മഴ വന്നു. ആറാട്ടെല്ലാം മോശമായി ആരവാരങ്ങൾ കൂട്ടിയതെല്ലാം നിഷ്ഫലമായി. മാലതി എഴുന്നേററു നോക്കിയപ്പോൾ ആളും തിരക്കും ഒക്കെ ഒഴിഞ്ഞിരിക്കുന്നു. ചുററുവിളക്കുകളിൽ ചിലതു മങ്ങി എരിഞ്ഞു കത്തുന്നുണ്ട്. ഭജനക്കാരിൽ ചിലർ ചില സ്തോത്രങ്ങൾ ചൊല്ലിക്കൊണ്ടു മുണ്ടും വിരിച്ചുപ്രദക്ഷിണവഴിയിൽ ഇരിക്കുന്നുണ്ട്. മാലതി എഴുന്നിററ് ഒന്നും നോക്കാതെ മതില്ക്കു പുറത്തു കടന്നു. അവൾ പേടിച്ചു വിറച്ചുകൊണ്ടാണു പുറത്തു കടന്നത്. മഴ ചാറുന്നുണ്ട്. കുടയില്ല. ശുദ്ധം മാറിയ ഒരു പാമ്പിൻകുഞ്ഞുപോലെ അവൾ നനഞ്ഞുകൊണ്ട് ഇഴഞ്ഞു നടന്നു. വഴിക്ക് ആരുമില്ല. ഒരു ചൂട്ടിന്റെ മിന്നാട്ടംപോലും കാണ്മാനില്ലാ. ആറാട്ടുദിവസം, അർദ്ധരാത്രിസമയം, നിർജ്ജനപ്രദേശം, ഇതെല്ലാംകൂടി വി

ചാരിച്ചിട്ട മാലതിക്ക ഒരു വെമ്പലുണ്ടായി. പേടി മൂത്ത് ഒരുവിധം ഭ്രാന്തുപോലെ ആയിത്തീൎന്നു.

മാലതി അങ്ങിനെ നടക്കുന്നതിനിടയിൽ അവളുടെ പിന്നാലെ ഒരാൾ വരുന്നുണ്ടായിരുന്നു. ഒരു യുവാവാണ്. ആയാൾ അടുത്ത് എത്തിമുട്ടാറായപ്പോഴാണ മുമ്പിൽ ഒരാൾ നടക്കുന്ന വിവരം അറിഞ്ഞത്. ഉടനെ കയ്യിൽ ഉണ്ടായിരുന്ന വിദ്യുച്ഛക്തിവിളക്കെടുത്ത് അമൎത്തി മാലതിയുടെ മുഖത്തേക്കു നീട്ടിനോക്കി. മാലതി തന്നെ ത്താൻ അറിയാതെ ഒന്നു ഞെട്ടി പെട്ടെന്നു ബോധംകെട്ടു വീഴാൻ ഭാവിച്ചു.

അലിവും വകതിരിവുമുള്ള ആ ചെറുപ്പക്കാരൻ, വിഴുംമുമ്പ് മാലതിയെ തടഞ്ഞുനിൎത്തി. മുഖത്തു വീണ്ടും നോക്കിയപ്പോൾ അവൾക്ക് പ്രജ്ഞയില്ലെന്ന് അറിഞ്ഞു. ആയാൾ അവളെ എടുത്തു നിലത്ത് ഒരു മുണ്ട് വിരിച്ചു കിടത്തി കുപ്പായത്തിൻെറ ഉള്ളിൽനിന്ന് ഒരു വാസനദ്രവ്യം എടുത്തു മാലതിയുടെ മുഖത്തു ധാരാളം തളിച്ചു. മറെറാരു ദ്രവ്യം എടുത്തു മൂക്കിന്നരികെ വെച്ചു. അതു വാസിച്ചു ഉടനെ മാലതിക്കു ബോധം വീണു. കണ്ണുമിഴിച്ചു നോക്കി. തൻെറ അടുത്ത് ഒരു ചെറിയ വിളക്കുമായി ഒരു ചെറുപ്പക്കാരൻ ഇരിക്കുന്നതു കണ്ട് അവൾ കണക്കിലധികം പരിഭ്രമിച്ചു. അവളുടെ പരിഭ്രമം കണ്ട്, ആ യുവാവ് പറഞ്ഞു:— "പേടിക്കേണ്ട. ഞാൻ മനുഷ്യൻ തന്നെയാണ്. എഴുനേല്ക്കു."

മാലതി എന്തോ ഉത്തരം പറവാൻ വിചാരിച്ചു. പക്ഷേ, അവളുടെ തൊണ്ടയിൽ വെള്ളം വററിയിരുന്നതു കൊണ്ട് ഒന്നും മിണ്ടുവാൻ അവൾക്കു സാധിച്ചില്ല—

ആ യുവാവ് വീണ്ടും പറഞ്ഞു:—"എഴുന്നില്ലേ. വയ്യെങ്കിൽ ഞാൻ എടുക്കാം."

മാലതി എഴുന്നില്പാൻ ശ്രമിച്ചു. ആദ്യം അതിന്നു കഴിഞ്ഞില്ല. ആ യുവാവിൻെറ കൈ പിടിച്ചുകൊണ്ട് അവൾ എഴുന്നിററു. ആർദ്രഹൃദയനായ ആ ചെറുപ്പക്കാരൻെറ കൈ തൊട്ടിട്ടോ എന്നറിഞ്ഞില്ലാ അവൾക്ക് സംസാരിക്കത്തക്കവണ്ണം ശക്തി ഉണ്ടായി. അവൾ വളരെ പതുക്കെ പറഞ്ഞു:—"എനിക്കു തന്നെ എനി നടക്കാൻ വയ്യാ. വീട്ടിൽ പോയാൽ കൊള്ളാമെന്നുണ്ട്."

യുവാവ് പറഞ്ഞു:—"വിരോധമില്ല. ഞാൻ വീട്ടിൽ കൊണ്ടുപോയി ആക്കാം. എൻെറ കൈ പിടിച്ച് മുമ്പിൽ നടന്നാലും. വഴി കാണിച്ചാൽമതി."

മാലതി ആ യുവാവിൻെറ മുഖത്തു സൂക്ഷിച്ചുനോക്കി. പ്രഥമദൃഷ്ടിയിൽതന്നെ അയാൾ ഒരു നല്ല തറവാടിയും ബുദ്ധിമാനുമാണെന്ന് അവൾക്കു തോന്നിയിരുന്നു. സൂക്ഷിച്ചു നോക്കിയപ്പോഴും, ആ വിചാരം ശരിയാണെന്നല്ലാതെ മറിച്ചു തോന്നുവാൻ അവകാശമൊന്നും കാണായ്കയാൽ അവൾ ആശ്വസിച്ചു. ആയാളുടെ കൈ അമത്തിപ്പിടിച്ചുകൊണ്ട് അവൾ നടന്നുതുടങ്ങി. ഈ അവസരത്തിൽ ആ യുവാവിൻെറ ഉള്ളിൽ എന്തെല്ലാം വികാരങ്ങളും വിചാരങ്ങളുമാണ് അങ്കുരിച്ചതെന്ന് ഇപ്പോൾ അന്വേഷിക്കേണ്ട ആവശ്യമൊന്നുമില്ല.

അവർ, അങ്ങിനെ പതുക്കെ നടന്നുപോകുന്നതിന്നിടയിൽ ആ യുവാവ് ഒരു വലിയ നെടുവീർപ്പ് വിട്ടുകൊണ്ട് 'കുട്ടിയുടെ വീടെവിടെയാണ്' എന്ന ചോദ്യംകൊണ്ടു മൌനം ഭഞ്ജിച്ചു.

മാലതി പറഞ്ഞു:—'എൻെറ സ്വന്തം വീട് ഒററപ്പാലത്തടുത്താണ്. ഇവിടെ ഞാനും അമ്മയുംകൂടി വന്നു താമസിക്കയാണ്. ഞങ്ങൾക്ക് ആരുമില്ല. അച്ഛൻ മരിച്ചുപോയി.' ഇത്രയും പറഞ്ഞ് അവൾ അതേവരേയും അമർത്തിവെച്ചിരുന്നവ്യസനത്തെ തേങ്ങിത്തേങ്ങി കരഞ്ഞുകൊണ്ട് കണ്ണീർ വഴിയായി പുറത്തേയ്ക്കു വിട്ടു.

യുവാവ്:—'ഛേ! എന്തിന്നു കരയുന്നു. ഇത്ര സാധുവോ? പിന്നെ എങ്ങിനെ ഈ ഇരുട്ടത്ത് തന്നേ നടക്കാൻ ധൈര്യപ്പെടുന്നു?' എന്നു ചോദിച്ചു.

മാലതി കരച്ചിൽ ഒതുക്കി, വീണ്ടും ആശ്വസിച്ചുകൊണ്ടു പറഞ്ഞു: "ആപത്തിൽ ധൈര്യം ആവശ്യമാണെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. അതുകൊണ്ടു വ്യസനം വരികതന്നെ പാടില്ലെന്ന് അർത്ഥമാക്കിക്കൂടല്ലോ."

യുവാവ്—"ഇല്ലാ. എന്നാൽ ഇത്രയും വലിയ ഒരാപത്ത് എന്താണ് കുട്ടിക്കു വന്നത്." എന്നു ചോദിച്ചു. മാലതി മറച്ചുവെയ്ക്കാതെ എല്ലാ വിവരവും പറഞ്ഞു. ഇതെല്ലാംകേട്ട് ആ യുവാവ്, "ആകട്ടെ വ്യസനിക്കേണ്ടാ. കുട്ടിക്ക് എത്ര വയസ്സായി" എന്നു ചോദിച്ചു. "വയസ്സോ? വയസ്സ് പതിമൂന്ന്" എന്നു മാലതി മറുപടി പറഞ്ഞു. യുവാവ് "പേരെന്താണ്?" മാലതി "മാലതി എന്നാണ്"—

സംഭാഷണം ഇവിടെ ആയപ്പോഴക്ക് അവർ രണ്ടുപേരും മാലതിയുടെ വീടിൻെറ ഉമ്മറത്തെത്തി. മാലതിക്ക് അപ്പോഴക്ക്, കുറേ കരുത്തും ഉശച്ചയും കിട്ടി. അവൾ ആ യുവാവിൻെറ കൈ പിടിവിട്ട് ചാരിയ വാതിൽ തുറന്ന് മെല്ലെ അകത്തു കടന്നു. അകത്ത് വെളക്കില്ലാ

യിരുന്നു. അവഠ തിപ്പെട്ടി തപ്പി എടുത്ത് ഉരച്ചുനോക്കി ഒരു ചൂട്ടെടുത്ത് കത്തിച്ച പുറത്തെയ്ക്കുവന്നു. അവഠ പുറത്തെയ്ക്കുവന്ന ഉടനെ ആ യുവാവ് "ഞാൻ പോണേ!" എന്നു പറഞ്ഞുകൊണ്ടു വേഗത്തിൽ നടക്കുന്നതുകണ്ടു. മാലതിക്ക് അല്പം ആശാഭംഗമുണ്ടായി എങ്കിലും തല്ക്കാലത്തെ സ്ഥിതികൊണ്ട് അതു നിസ്സാരമാണെന്നേ അവഠ ഗണിച്ചുള്ളു. അവഠ വീണ്ടും അകത്തു കടന്ന് അമ്മ കിടക്കുന്ന ദിക്കിൽ ചെന്നുനോക്കി. അവർ ഉറങ്ങിയിരിക്കുന്നു. നല്ല ഉറക്കം. കയ്യിലുള്ള ചൂട്ട കുറേ കത്തിക്കെട്ടശേഷം അത് നിലത്തുവെച്ച് മാലതി അമ്മയുടെ കാല്ക്കൽ ചെന്നു കിടന്നു. കാൽപടത്തിന്മേൽ മുഖം അമൎത്തിവെച്ചുകൊണ്ട് തേങ്ങിത്തേങ്ങിക്കരഞ്ഞു. അവഠ തന്നെത്താൻ ഇങ്ങിനെ പറഞ്ഞു:—"എന്റെ അമ്മേ അമ്മ ഇങ്ങിനെ പട്ടിണി കിടക്കേണ്ടിവന്നുവല്ലൊ. എന്നെപ്പെററിട്ടല്ലെ എന്റെ അമ്മ ഇങ്ങിനെ വലഞ്ഞത്? ഞാൻ ഒരു പോരാത്ത പെണ്ണായിട്ടല്ലെ? ഭാഗ്യമില്ലാത്ത കുട്ടിയായിട്ടല്ലെ? അച്ഛാ, അച്ഛാ, കഷ്ടം. എന്റെ അച്ഛൻ മരിച്ചുപോയെല്ലൊ! ഈശ്വരാ, എന്റെ അമ്മക്കു നാഴി കഞ്ഞി വെച്ചുകൊടുപ്പാൻ എനിക്കു കഴിഞ്ഞില്ലല്ലോ. ആരും ഇങ്ങോട്ടു തിരിഞ്ഞുനോക്കുന്നുകൂടിയില്ല. ദൈവത്തിനും ഞങ്ങളെ കണ്ടുകൂടാതായോ? ഞങ്ങഠ ഇവിടെ ഇങ്ങിനെ കിടന്നു മരിക്കട്ടെ; അയ്യോ? എന്റെ അമ്മേ, ഈ മാലതി മരിക്കാതെ എന്റെ അമ്മ മരിക്കരുതേ" ഇത്രയും പറഞ്ഞ് അവഠ കണ്ണുനീർകൊണ്ട് അമ്മയുടെ കാൽ കഴുകിച്ചു. മുഖം ഉരസി ആ കാൽ തുടച്ചു. വീണ്ടും അനങ്ങാതെ കമിഴ്ന്നുകിടന്നു.

പെട്ടെന്ന് ആരോ ഒരാൾ വന്നു വാതില്ക്കു വിളിച്ചു. മാലതി മുറക്കെ മുഖം അമത്തികിടന്നു പതുക്കെ ചെവി യോത്തു. ഭയംകൊണ്ട് അവൾക്ക് അനങ്ങാൻ വയ്യാ. വിളി പിന്നേയും കേട്ടു. ഒരു വിളക്കിൻെറ ലാഞ്ഛനാ വാതിലിന്നുള്ളിൽകൂടി വന്ന് അവളുടെ മുഖത്തു തട്ടി. ഒടുവിൽ മാലതി 'എന്തെങ്കിലും വരട്ടെ' എന്നുറച്ച് എഴുനീററ് 'ആര് ആരാണത്' എന്നുറക്കെ ചോദിച്ചു. 'ഞാൻ. ഞാൻതന്നെ. കണാരൻ' എന്നു മറുവടി കേട്ടു. കണാരൻ എന്നൊരു കൂലിക്കാരൻ ആ വീട്ടിന്നടുത്ത് ഉണ്ട്. അവനെ മാലതി കണ്ടിട്ടുമുണ്ട്. ഈ വന്നത് അവനാണെന്ന് അറിഞ്ഞപ്പോൾ പേടി കുറെ കുറഞ്ഞു. അവൾ വാതിൽ തുറന്നു പുറത്തു കടന്നുശേഷം 'എന്താണ് കണാരൻ വന്നത്' എന്നു ചോദിച്ചു. "ഇത് എല്ലാം ഇവിടെ തരാൻ വേണ്ടി" എന്നു കണാരൻ പറഞ്ഞു. നോക്കിയപ്പോൾ കുറെ സാമാനങ്ങൾ കോലായിൽ ഇരിക്കുന്നതു കണ്ടു. മാലതി അത്ഭുതത്തോടുകൂടി "ആരാണ് ഇത് ഇവിടെ കൊണ്ടുവന്നു തരുവാൻ പറഞ്ഞത്".

കണാരൻ, "അതാ ആ ആൾ അവിടെ വഴിയിൽ നില്ക്കുന്നുണ്ട്. 2½ മണി വണ്ടിക്കു പോകുന്നുവെന്നാണു പറഞ്ഞത്. ഞാൻ പോട്ടെ. അദ്ദേഹത്തിൻെറ പെട്ടി ആപ്പീസ്സിൽ കൊണ്ടുപോണം". കണാരൻ പോയി.

മാലതി സാമാനങ്ങളെല്ലാം അഴിച്ചുനോക്കി. കൂട്ടത്തിൽ ഒരു കുപ്പി കണ്ടു. അതു തുറന്നു നോക്കിയപ്പോൾ എണ്ണയാണെന്നു മനസ്സിലായി. ഉടനെ അകത്തുപോയി കോൽവിളക്കു തപ്പി എടുത്തു അതിൽ അല്പം എണ്ണ ഒഴിച്ചു കത്തിച്ചുവെച്ചു. കെട്ടുകൾ അവൾക്കു താനെ എടു

ത് അകത്തു വെപ്പാൻ കഴിവില്ലായ്കയാൽ കോലായിൽ വെച്ചുതന്നെ ഓരോന്നായി അഴിച്ചുനോക്കി. ഉപ്പു മുതലായ ചില്ലറ സാമാനങ്ങളായിരുന്നു ഒരു കെട്ടിൽ. വേറെ ഒന്നിൽ രണ്ടു വലിയ കരിമ്പടവും കുറേ മലമൽമുണ്ടും തോർത്തുമുണ്ടുകളുമായിരുന്നു. മറെറാന്നിൽ കുറെ അരിയാണു കണ്ടത്. കെട്ടുകൾ ഓരോന്നും അഴിക്കുമ്പോൾ മാലതിക്കു സന്തോഷത്തിലധികം സന്താപമാണുണ്ടായതെന്ന് ഇടക്കിടക്കു മേല്പോട്ടു നോക്കികൊണ്ട്, അവൾ കരഞ്ഞിരുന്നതിനാൽ ഊഹിക്കാം. അന്യൻെറ പ്രയത്നഫലം, യാതൊരു ബന്ധവും കൂടാതെ, വാങ്ങി അവൾ അനുഭവിക്കുന്നത് അന്ന് ഒന്നാമതായിട്ടാണ്. അതുകൊണ്ട്, ഈ ഘട്ടത്തിൽ, സന്തോഷത്തേക്കാൾ സന്താപത്തിന്നുതന്നെയാണ് അവകാശം.

സാമാനങ്ങൾ എല്ലാം പുറത്തുതന്നെ വെച്ചു മാലതി കുറെ അരി എടുത്ത് അടുക്കളയിലേക്കു പോയി. ക്ഷണത്തിൽ കുറെ കഞ്ഞി വെച്ചു. ആ കഞ്ഞി അല്പം വേറെ എടുത്തു ചൂടാററി ഒരു പാത്രത്തിലാക്കി അവൾ അമ്മയുടെ തലക്കൽ ചെന്നിരുന്ന് അവരെ വിളിച്ചുണർത്തി "അമ്മേ! കഞ്ഞി. കഞ്ഞി." എന്നു പറഞ്ഞു പാത്രം നീട്ടിക്കാണിച്ചു. 'കഞ്ഞി' എന്ന ശബ്ദം കേൾക്കുകയും പാത്രം നീട്ടിപ്പിടിച്ചതായി കാണുകയും ചെയ്യപ്പോൾ മാലതിയുടെ അമ്മക്കുണ്ടായ സന്തോഷം അവർണ്ണനീയം തന്നെയായിരുന്നു. അവൎക്കു പുതുതായി ഒരു ജീവിസ്സും ചോരയോട്ടവും കിട്ടി. അവർ മെല്ലെ എഴുന്നേററു ചുമരിന്മേൽ ചാരി ഇരുന്ന് ആ പാത്രത്തിൽ ഉണ്ടായിരുന്ന കഞ്ഞി മുഴുവനും കുടിച്ചു. "ആവൂ! എൻെറ കുട്ടി. ഇന്നു നിൻെറ അമ്മ മ

രിക്കില്ല" എന്നു പറഞ്ഞു. കഞ്ഞി കുടിക്കയാൽ ക്ഷീണം ജാസ്തി തോന്നിയെങ്കിലും അവരുടെ കണ്ണും മുഖവും തെളിഞ്ഞു. ചെവി കേൾക്കാറായി. തലയ്ക്കു അല്പം ഒരു തണപ്പു വീണു. അവർ മാലതിയെ അടിതൊട്ടു മുടിയോളം ഒന്നു നോക്കിയശേഷം അണഞ്ഞു കൂട്ടിപ്പിടിച്ചു നെറുകയിൽ ചുംബിച്ചു. അപ്പോൾ മാലതിയും അമ്മയും ഒരു പോലെ കരഞ്ഞുപോയതു സ്വാഭാവികമാണല്ലോ. കുറച്ചു കഴിഞ്ഞു മകളെ പിടിവിട്ടശേഷം അമ്മ ചോദിച്ചു. "തങ്കം! എന്താ നിൻെറ വിരലിൽ കിടന്നു മിന്നുന്നത്" മാലതി വല്ല മിന്നാമിനുങ്ങയോ മറേറാ ആയിരിക്കാമെന്നു കരുതി കൈ കുടഞ്ഞുകൊണ്ടു വിരലിന്മേലെയ്ക്കു നോക്കിയപ്പോൾ, എന്തത്ഭുതം, അവളുടെ മോതിരവിരലിൽ ഒരു മോതിരം കിടക്കുന്നു! 'എന്ത്. ഒരു മോതിരമല്ലെ ഇത്?' എന്നു പറഞ്ഞ് അവൾ വെളക്കെടുത്തു നോക്കി. മോതിരം ഊരി. തിരിച്ചും മറിച്ചും നോക്കി. അതിന്നുള്ളിൽ ഇംഗ്ലീഷിൽ "പി. എസ്. മാധവമേനോൻ" എന്ന് എഴുതിയതായിക്കണ്ടു. ഇംഗ്ലീഷ് അക്ഷരങ്ങൾ കൂട്ടിച്ചേർത്തു വായിക്കാൻ തക്കവണ്ണം അവൾ സ്കൂളിൽ പഠിക്കുക ഉണ്ടായിട്ടുണ്ട്. അതുകൊണ്ട്, ഈ പേർ വായിപ്പാൻ ഒട്ടും ഞെരുക്കമുണ്ടായില്ല. ഒടുവിൽ അവൾ വിറച്ചുകൊണ്ടു പറഞ്ഞു 'അമ്മേ! ഈ മോതിരം എൻെറ കയ്യിന്മേൽ ഉള്ള കഥ ഞാനറിഞ്ഞിരുന്നില്ല. അമ്മ ഉറങ്ങുമ്പോൾ ഞാൻ അമ്പലത്തിൽ പോയി.' അമ്മ, 'വരട്ടേ. മകളേ. നീ അല്പം കഞ്ഞി കുടിക്കു. അതിൽപിന്നെ എല്ലാവിവരവും പറയണം. അമ്മ കേട്ടോളാം. പോയി വരു' എന്നു പറഞ്ഞു.

മാലതി അമ്മയുടെ വാത്സല്യപൂർവ്വമുള്ള ശാസനകേ

ട്ട് ഉടനെ എഴുന്നിററു കഞ്ഞികുടിക്കാൻപോയി. അ പ്പോൾ ഒരു കോഴി കൂവുന്നുണ്ടായിരുന്നു.

---

## രണ്ടാം അദ്ധ്യായം

---

മാലതിയുടെ അമ്മ കഞ്ഞികുടിച്ചു സുഖമായി ഉറങ്ങി. എങ്കിലും നേരം പുലന്നപ്പോഴയ്ക്കു് അവൾക്കു ക്ഷീണം വദ്ധി ക്കയാണുണ്ടായത്. മറിച്ചു വരുവാൻ തരമില്ലല്ലൊ. ഒരു കാലത്ത് അവർ ഏററവും ഉയന്ന പദവിയിലായിരുന്നു. പലക്കും ഉപകാരംചെയ്തും പലരേയും പുലത്തിയും വന്ന ഒരമ്മയായിരുന്നു. ഇന്ന് അനാഥയുടെ അടിത്തട്ടിലാണ അവർ ചെന്നു മുട്ടിയിരിക്കുന്നത്. കരയില്ലാത്ത ദാരിദ്ര്യക്ക ടലിൽ കിടന്നു നീന്തുകയാണ്. തൻെറ ഭത്താവോ മരിച്ചു പോയി. അദ്ദേഹത്തിൻെറ നിശ്ചയപ്രകാരം തനിക്കും തൻെറ മകൾക്കും ലഭിക്കേണ്ടതായ സ്വത്തുക്കൾ അന്യാ ധീനപ്പെട്ടു. അതു വീണ്ടുകിട്ടുവാൻ കൊടുത്ത വ്യവഹാരം ദോഷമായിക്കലാശിച്ചു. വ്യവഹാരാവശ്യത്തിലേയ്ക്കുവേ ണ്ടി കയ്യിൽ ഉള്ളതൊക്കേയും "പുളിശ്ശേരിവെച്ചു." കൊ ല്ലം എട്ടുകഴിഞ്ഞു. എന്നിയും ഒരു "തീച്ചയും മൂച്ചയും" വ ന്നിട്ടില്ല. പ്രിവികൌൺസിലിൽനിന്നുകൂടി ആദ്യം വിധി സ്ഥിരപ്പെട്ടുത്തിയാൽ പിന്നെ ഒരു ഗതിയുമില്ല. ഇപ്പോൾ തന്നെ പട്ടിണികിടന്നു മരിക്കേണ്ട ഘട്ടമായിരിക്കുന്നു. ഒരു മകൾ ഉള്ളത് അനാഥയായിത്തിന്നു. അവളെ രക്ഷി പ്പാൻ ആരുമില്ല. ഈവക കാരണങ്ങൾ ഒന്നായും ഒന്നൊ ന്നായും അവരുടെ ഹൃദയത്തെ ദ്രവിപ്പിച്ചുകൊണ്ടിരുന്നു

അതിൻെറ ഫലമായിട്ടുതന്നെയാണ ദീനം ബാധിച്ച ത്. തീച്ചയായും, ഈ ദീനംകൊണ്ട് അവർ മരിക്കുകയേ യുള്ളു. നാൾതോറും അവർ ക്ഷയിച്ച് അവശയായി വന്നിരുന്നു. അവരുടെ ഹൃദയം പതുക്കെയെങ്കിലും വേ ഗത്തിൽ തുടിച്ചുകൊണ്ടിരുന്നു. താൻ മരിക്കയേ ഉള്ളു വെന്ന് അവക്ക് ഉറപ്പുണ്ടായിരുന്നു. അതിന്നുമുമ്പു വ്യവഹാരത്തിൻെറ ഫലം അറിഞ്ഞാൽ കൊള്ളാമെന്ന് ഒരു മോഹം മാത്രമുണ്ടായിരുന്നു.

ദൈവപ്രസാദത്താൽ, ആ മോഹം വിഫലമായില്ല. കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഗതികൾ നടന്ന തിന്നു പിറേറദിവസം ഉച്ചയ്ക്കു വക്കിൽ ഗോവിന്ദനുണ്ണി നായർ അവിടെവരികയും, പ്രിവികൌൺസിലിൽനിന്ന് അവക്കു ഗുണകരമായ വിധി കിട്ടിയ വിവരത്തിന്നു മദി രാശിയിൽനിന്നു കമ്പി വന്നിരിക്കുന്നതായി അറിയിക്കുക യും ചെയ്തു. ഗോവിന്ദനുണ്ണിനായർ ഇവരുടെ ഒരു വിട്ട ചാച്ചക്കാരനും ഒരുമാതിരി ധനവാനും യോഗ്യനുമാണ്. അദ്ദേഹമാണ് ഈ വ്യവഹാരം അങ്ങേ അററംവരേ നട ത്തിയത്. പണംകൊണ്ടു വലിയ സഹായമൊന്നും ചെ യ്തിട്ടില്ലെങ്കിലും വ്യവഹാരം വേണ്ടുംവണ്ണം നടത്തുവാനാ യി ഇദ്ദേഹം നന്നെ ഉത്സാഹിച്ചു പ്രയത്നിച്ചിട്ടുണ്ട്. എ ല്ലാംകൊണ്ടും ഈ വ്യവഹാരം ജയിച്ചത് അദ്ദേഹത്തിന്നും വലിയ സന്തോഷത്തിന്നു കാരണമായിരുന്നു.

ഗോവിന്ദനുണ്ണിനായർ വന്നു വിവരം പറഞ്ഞതു കേട്ടു മാലതിയുടെ അമ്മയ്ക്കു കണ്ണിൽ വെള്ളം നിറഞ്ഞു. അവർ കിടന്ന ദിക്കിൽതന്നെ എഴുന്നേററിരുന്ന് ഇട ത്തൊണ്ട ഇടറിക്കൊണ്ട് ഇങ്ങിനെ പറഞ്ഞു:— "എൻെറ

മോഹങ്ങളെല്ലാം സാധിച്ചു. എനി എനിക്കു മരിക്കാം. കെട്ട വിളക്കിൽ എണ്ണ ഒഴിച്ചിട്ടു ഫലമൊന്നുമില്ല. ഞാൻ മരിച്ചുകഴിഞ്ഞിരിക്കുന്നു. നമ്പ്ര് ജയിച്ചതുകൊണ്ടും മറവം ഞാൻ എനി ജീവിക്കയില്ല. ഒരു സമാധാനമുണ്ട്. എന്റെ കുട്ടി എനിമേലിൽ പട്ടിണി കിടക്കേണ്ടല്ലൊ" ഇത്രയും പറഞ്ഞ് അവർ പൊട്ടിക്കരഞ്ഞുതുടങ്ങി. കൂടെ മാലതിയും കരഞ്ഞു. ഗോവിന്ദനുണ്ണിനായർ ഇതൊക്കെക്കണ്ടു വല്ലാതെയായി. അദ്ദേഹം പറഞ്ഞു:—'നിങ്ങൾ ഇങ്ങിനെ കരകയാണെങ്കിൽ ഞാൻ പോകാനാണു ഭാവം'. മാലതിയുടെ അമ്മ കരച്ചിൽ നിൎത്തി കണ്ണു തുടച്ചുകൊണ്ടു തുടൎന്നു പറഞ്ഞു:— പോകയോ? ഒരിക്കലും പാടില്ല. ഞാൻ പറയുന്നതു കേട്ടിട്ടു പോവാം. എന്റെ കുട്ടിയെ അങ്ങുന്നു നോക്കണം. എന്റെ ഒടുവിലത്തെ അപേക്ഷയാണിത്.

ഗോവിന്ദനുണ്ണിനായർ ഈ അപേക്ഷയെ ഉപേക്ഷിച്ചില്ല. മാലതിയെ രക്ഷിക്കുവാൻ എല്ലാവിധത്തിലും അദ്ദേഹം കടപ്പെട്ടവനാണ്. അതിന്നാൽ 'ഭാരമെല്ലാം ഞാൻ ഏററിരിക്കുന്നു. അതിനെപ്പററി എനി ഒന്നും വിചാരിക്കേണ്ട' എന്നു മറുവടി പറഞ്ഞു. മാലതിയുടെ അമ്മ 'അങ്ങുന്ന് എല്ലാം അറിയുന്ന ആളല്ലേ? വേണ്ടതു വേണ്ട പോലെ ചെയ്യാൻ ത്രാണിയും ബുദ്ധിയും ഉണ്ടല്ലൊ. അതുകൊണ്ടല്ലാ—എന്റെ മോഹം പറഞ്ഞു എന്നേ ഉള്ളൂ'.

ഗോവിന്ദനുണ്ണിനായർ—'ശരി! ഞാൻ അന്നുതന്നെ പറഞ്ഞില്ലേ. നിങ്ങളുടെ മകളും എന്റെ മകളും എനിക്ക് ഒരുപോലെയാണെന്ന്. അപ്പിൽ കഴിയുന്നതുവരെ വീട്ടിൽ വന്നു താമസിക്കാമെന്നും ഞാൻ പറഞ്ഞല്ലൊ.

അതു സമ്മതിക്കാതെ അല്ലെ ഇങ്ങോട്ടു പോന്നത്. പിന്നെ ഇങ്ങോട്ടു വന്നു വേണ്ട കാൎയ്യങ്ങൾ അന്വേഷിക്കാൻ തരമായില്ലെന്നല്ലെ എന്റെ പേരിൽ ഒരു തെററ് ഉള്ളു'.

മാലതിയുടെ അമ്മ—'തെറേറാ? ശിവ! ശിവ! ആവശ്യമുള്ളപ്പോൾ എല്ലാം അങ്ങുന്ന് അന്വേഷിച്ചിട്ടുണ്ട്. പിന്നെ ദിവസേന ഇവിടെ വന്നിരിപ്പാൻ അങ്ങേക്കു പാടുണ്ടോ? അതൊന്നുമില്ല്യാ; എന്റെ മകളെ രക്ഷിച്ചത് അങ്ങുന്നു തന്നെയാണ്. അതുപോലെ മേലിലും അവളെ രക്ഷിക്കണം എന്നുമാത്രം'.

ഇങ്ങിനെ പറഞ്ഞ് അവർ മാലതിയുടെ രണ്ടു കൈകളും ഒരു കൈകൊണ്ട് ഒതുക്കിപ്പിടിച്ചു മാറോട് അടുപ്പിച്ച് അവളെ ഒന്നു മുറുകെത്തഴുകി 'അമ്മു! ഇദ്ദേഹത്തെ നിന്റെ അച്ഛനെപ്പോലെ കരുതിക്കൊള്ളു' എന്നു പറഞ്ഞു മൂൎദ്ധാവിൽ മുകൎന്നുകൊണ്ടു 'തങ്കം! നീ പോയി അല്പം വെള്ളം കൊണ്ടുവാ' എന്ന് ആജ്ഞാപിച്ചു. പിന്നെ മെല്ലെ നീന്ന് പായിൽ തന്നെ കിടന്നു.

ഗോവിന്ദനുണ്ണിനായർ, 'എനി നമുക്ക് അങ്ങോട്ടു പോകാം. ഇവിടെ താമസിക്കേണ്ടാ. മാലതിയെ ഞാൻ എന്റെ മകളെ നോക്കുന്നതിലധികം ദൃഷ്ടിവെച്ചു നോക്കിക്കൊള്ളാം. ഇതു സത്യമാണ്' എന്നു പറഞ്ഞു.

മാലതിയുടെ അമ്മക്കു ഗോവിന്ദനുണ്ണിനായരുടെ ശപഥം ഒരു മന്ത്രംപോലെ അതിവേഗത്തിൽ ആശ്വാസം കൊടുത്തു. അവരുടെ വാടി വരണ്ടു വിളൎത്തിരിക്കുന്ന മുഖത്തു സന്തോഷസൂചകമായ ഒരു ചെറുപുഞ്ചിരി പരന്നു കണ്ടു. അപ്പോൾ ഗോവിന്ദനുണ്ണിനായരുടെ കൂടെ പോ

കുന്നതിന്ന് അവൾക്കു വൈമുഖ്യം ഉണ്ടായിരുന്നില്ല. ഇതേ വരെ അവർ അതിലേയ്ക്കു വിസമ്മതം ഭാവിച്ചത്, അനാ ഥസ്ഥിതിയിൽ ഒരു തറവാട്ടിൽ പിറന്ന അമ്മയ്ക്കു് ഉണ്ടാ കുന്നതായ അഭിമാനംകൊണ്ടു മാത്രമായിരുന്നു. ഗോവിന്ദ നുണ്ണിനായരുടെ ക്ഷണവും ശപഥവും കൂടി കേട്ടു സന്തോ ഷിച്ചിട്ടുതന്നെയാണ് അവർ പുഞ്ചിരിക്കൊണ്ടതും. എ ന്നാൽ ആ മന്ദഹാസം അവരുടെ ചരമയാത്രയെ സൂചി പ്പിക്കുന്ന ഒന്നായിരുന്നു.

മാലതി വെള്ളം കൊണ്ടുവന്നു കൊടുക്കുന്നതുവരെ ആ സാധുസ്ത്രീയുടെ ജീവൻ ഒതുങ്ങിനിന്നു. പിന്നീട് അ ത് അനാദ്യന്തമായ ആകാശയത്തിൽ ലയിച്ചുപോയി.

അമ്മ മരിച്ചുപോയി എന്നു തീർച്ചയായപ്പോൾ മാല തി വ്യസനംകൊണ്ട് എന്തെല്ലാമാണു കാട്ടിക്കൂട്ടിയതെന്നു ഇവിടെ എഴുതുവാൻ ഞാൻ ശക്തനല്ല.

ഗോവിന്ദനുണ്ണിനായർ അവിടെത്തന്നെ താമസിച്ചു മാലതിയെക്കൊണ്ട് അമ്മയുടെ ശേഷക്രിയകളെല്ലാം വി ധിയാംവണ്ണം കഴിപ്പിക്കയും പിണ്ഡവും പുലകുളിയും ഭം ഗിയായി നടത്തുകയും ചെയ്തശേഷം മാലതിയെ തൻെറ കൂടെ കൊണ്ടുപോയി വീട്ടിൽ താമസിപ്പിക്കുകയും ചെയ്തു.

അധികകാലം കഴിയുന്നതിന്നുമുമ്പു മാലതിയുടെ സ്വത്തുക്കളെല്ലാം വിധിനടത്തി എടുക്കുകയും പ്രതിക ളോടു കോടതിച്ചിലവായി ഒരു വലിയസംഖ്യ വസൂലാക്കു കയും ചെയ്തു. മാലതിക്കു പ്രായം തികഞ്ഞതുകൊണ്ടും അവളുടെ കാര്യങ്ങൾ അന്വേഷിപ്പാൻ മററാരും ഇല്ലാ തിരുന്നതുകൊണ്ടും സ്വത്തുക്കൾ കൈവശപ്പെട്ടുത്തിയ ശേഷവും അവൾ ഗോവിന്ദനുണ്ണിനായരുടെ വീട്ടിൽത

ന്നെ താമസിച്ചിരുന്നുള്ളു. എന്നാൽ അവൾക്കു താമസി പ്പാനായി ഗോവിന്ദനുണ്ണിനായർ ഒരു വലിയവീടു പണി കഴിപ്പിച്ചു. അദ്ദേഹം മാലതിയുടെ സ്വത്തുക്കളെല്ലാം നല്ലവണ്ണംനോക്കി രക്ഷിക്കുകയും, പാട്ടബാക്കി പിരിച്ചും ആദായം വർദ്ധിപ്പിച്ചും മുതൽകൂട്ടുവാൻ ശ്രമിക്കുകയും ചെ യ്യുമെന്നുമാത്രമല്ല; ആ സ്വത്തുക്കളിൽനിന്നുള്ള എല്ലാ ആദായവും കൊല്ലംതോറും മദിരാശിബാങ്കിൽ അടച്ചു രശീതിവാങ്ങി പ്രത്യേകം സൂക്ഷിച്ചുവെക്കുകയും ചെയ്യും.

—o—

## മൂന്നാം അദ്ധ്യായം

കൊല്ലം അഞ്ചാറു കഴിഞ്ഞു. മാലതിയുടെ "തനു ലത"യിൽ "ഉജ്ജ്വലമാം നവയൌവനം" കുസുമംപോലെ "മിളിത"മായി. വയസ്സു പതിനെട്ടുകഴിഞ്ഞു. അംഗ ങ്ങൾക്കു മുഴുപ്പും ചേർച്ചയും ആകാരത്തിൽ നിസർഗ്ഗസിദ്ധ മായിട്ടുള്ള മാധുര്യത്തിന്നു പരിപാകവും വന്നിരിക്കുന്നു. ഇ പ്പോൾ, മാലതി ഒരു കവിയുടെ തൂലികയാൽ ചിത്രീകരി ക്കത്തക്ക യോഗ്യതയുള്ള ഒരു "തരുണീമണി"യായിത്തീ ർന്നിരിക്കുന്നു. ഇനിയും അവൾ ഒരു "മ്ലാണിക്കാത്തസു മം" ആയി ഒററയ്ക്കിരുന്നാൽപോരാ; അനുരൂപനായ ഒരു വരനോടുചേർന്നു ജീവിതത്തിൻെറ ഉൽകൃഷ്ടഭാഗത്തിലേ യ്ക്കു കടക്കുകതന്നെവേണം.

ഇതുതന്നെയാണു ഗോവിന്ദനുണ്ണിനായർ വിചാരി ച്ചിരുന്നതും. മാലതിയുടെ അവസ്ഥ ഇപ്പോൾ ഒരുവക രാജപദവിയിലാണ്. അതുകൊണ്ടു ഒരു സാധാരണക്കാ

രന്നെ അവളുടെ ഭൎത്താവാകുവാൻ ഗോവിന്ദനുണ്ണിനായ
ൎക്ക് ആലോചന ഇല്ലായിരുന്നു. മലയാളത്തിലെ വലിയ
പ്രഭുകുഡുംബങ്ങളിൽനിന്നു പഠിപ്പും യോഗ്യതയും ഉള്ള
യുവാവിനെ തിരഞ്ഞെടുക്കണമെന്നാണ് അദ്ദേഹം കരു
തിയിരുന്നത്. എങ്കിലും ഈ വിഷയത്തിൽ മാലതിയുടെ
അഭിപ്രായം എന്തെന്നു് അറിയാതെ ഒന്നും ചെയ്യരുതെ
ന്ന് അദ്ദേഹം തീൎച്ചയാക്കിയിരുന്നു.

ഗോവിന്ദനുണ്ണിനായരുടെ മകൾ ജാനകി മാലതി
യുടെ ഉററ ചങ്ങാതിയാണ്. കഴിഞ്ഞ അഞ്ചാറുകൊല്ല
ങ്ങൾ ഈ കുട്ടികൾ രണ്ടുപേരുംകൂടി കഴിച്ചതുകൊണ്ടുമാ
ത്രമല്ലാ; ബുദ്ധികൊണ്ടും, ആകാരംകൊണ്ടും, മനോഗതി
കൊണ്ടും അവർ തുല്യകളായിരുന്നതിനാൽകൂടി അവരു
ടെ സ്നേഹം വേറിടാതിരിക്കത്തക്കവണ്ണം ദൃഢതമമായിരു
ന്നു. അവർ പരസ്പരം ഉള്ളഴിഞ്ഞു സ്നേഹിച്ചിരുന്നു. സാ
ഹിത്യത്തിലും സംഗീതത്തിലും അവൎക്കുണ്ടായിരുന്ന വാസ
ന, ഗോവിന്ദനുണ്ണിനായരെപ്പോലെയുള്ള ഒരു രക്ഷിതാവി
ന്റെ മേൽനോട്ടത്തിൽ വിശാലമതികളായ ആചാൎയ്യന്മാ
രുടെ ശിക്ഷകൊണ്ടു പോഷിപ്പിക്കപ്പെട്ടിരുന്നത്, ഇപ്പോ
ഴക്ക് അന്യോന്യവാദങ്ങളാലും അവസരോചിതങ്ങളായ
പ്രയോഗങ്ങളാലും ഫലിച്ചുവരികയായിരുന്നു. ഇങ്ങിനെ
ഇരിക്കയാൽ മാലതിയുടെ വിവാഹവിഷയത്തിലുള്ള അ
ന്തൎഗ്ഗതം അറിയുവാൻ ഗോവിന്ദനുണ്ണിനായർ തന്റെ
മകൾ ജാനകിയെ ഭാരമേല്പിച്ചത് ഒട്ടും അനുചിതമായി
രുന്നില്ല. താമസിയാതെ ജാനകിക്കു ഭൎത്താവുണ്ടാകുവാൻ
തീൎച്ചപ്പെടുത്തിയിരുന്നതിനാൽ, ഈ ഘട്ടത്തിൽ മാലതി
യുടെ ഹിതംകൂടി അറിയേണ്ടതത്യാവശ്യവും ആയിരുന്നു.

ഒരു ദിവസം ഗോവിന്ദനുണ്ണിനായർ ജാനകിയെ വിളിച്ച് ഈ കാൎയ്യത്തെപ്പററി ചോദിച്ചു. അപ്പോൾ അവൾ ഒന്നു പുഞ്ചിരികൊണ്ടു്. 'അല്ലച്ഛാ! പി. എസ്സ്. മാധവമേനോൻ എന്നൊരാളെ അച്ഛൻ അറിയോ?' എന്നു ചോദിച്ചു.

ഗോവിന്ദനുണ്ണിനായർ ആശ്ചൎയ്യത്തോടുകൂടി:—'ഇല്ല, അല്ല! അറിയുമെങ്കിൽതന്നെ.'

ജാനകി:—"എന്നാൽ അയാളെ അറിഞ്ഞേകഴിയൂ, ആയാൾ മാലതിയുടെ ഭൎത്താവാണ്" ഗോവിന്ദനുണ്ണിനായർ നിനയ്ക്കാതെ ഒന്നുഞെട്ടി: "എന്താജാനു! അച്ഛനെ കളിയാക്കയാണോ? ഞാൻ അറിയാതെ ഒരു മാധവമേനോൻ മാലതിയുടെ ഭൎത്താവായതെന്ന്?" ജാനകി അച്ഛൻെറ ചോദ്യം കേട്ട് അല്പം നാണത്തോടുകൂടി മാലതിക്കുണ്ടായ അനുഭവം മുഴുവനും വിസ്തരിച്ചു പറഞ്ഞു. ഈ കഥ കേട്ടപ്പോൾ ഗോവിന്ദനുണ്ണിനായർ നന്നേ വിസ്മയിക്കുകയും ഉദാരനായആ ചെറുപ്പക്കാരനെ പുകഴ്ത്തിപ്പറകയും ചെയ്തു. പിന്നെ, 'ആയാൾ ഇപ്പോൾ എവിടെയാണെന്ന് ആൎക്കറിയാം. കൃതജ്ഞത കാണിപ്പാൻ വിവാഹം കഴിക്കുക എന്നുവെച്ചാൽ ഞെരുക്കമല്ലെ? ആയാൾ ഏതുസ്ഥിതിയിൽ ഇരിക്കുന്നു? എന്തു ജാതിയാണ്? ആയാൾ മുമ്പുതന്നെ വിവാഹം ചെയ്തിട്ടുണ്ടോ? എന്നൊന്നും ആലോചിക്കാതെ ഇങ്ങിനെ ഒരു നിശ്ചയം ചെയ്തത് എങ്ങിനെയാണ്' എന്നു ചോദിച്ചു.

ജാനകി, 'ശരി. ഈ സംഗതികളെല്ലാം മാലതിയും ആലോചിക്കായ്കയില്ല. പക്ഷേ ആ മനുഷ്യൻെറ വിഗ്രഹം അവൾ ഉള്ളിലാക്കി ആരാധിച്ചുവരികയാണ്. ആയാൾ

ആണ് അവളുടെ രക്ഷകനും ദൈവവും എന്നു മന്ത്രിച്ചു കൊണ്ട്, ഒരു മഹാശക്തി അവളെ ബാധിച്ചിരിക്കുന്നു. കഴിഞ്ഞ ആറുകൊല്ലങ്ങൾക്കുള്ളിൽ ഒരുദിവസം ഒരിക്കലെങ്കിലും ആയാളെപ്പററി വല്ലതും പറയാതെ മാലതി ഉറങ്ങിട്ടില്ല.'

ഗോവിന്ദനുണ്ണിനായർ, അല്പം ആലോചിച്ചു, 'ആട്ടെ അന്വേഷിക്കാം' എന്നു പറഞ്ഞു.

പിറേറദിവസംതന്നെ അദ്ദേഹം കോഴിക്കോട്ടുപോയി പി. എസ്സ്. മാധവമേനോൻ എന്നൊരാളെപ്പററി പലമാന്യന്മാരോടും അന്വേഷണം കഴിച്ചു. ഒരുവിവരവും കിട്ടായ്കയാൽ താഴെ കാണിക്കുന്നവിധത്തിൽ ഒരു പരസ്യം പത്രങ്ങളിലെല്ലാം പ്രസിദ്ധപ്പെടുത്തി.

## പരസ്യം.

താഴെ പേരെഴുതുന്ന ആൾക്ക് മിസ്റ്റർ പി. എസ്സ് മാധവമേനോൻ എന്നാളെക്കണ്ട് ചില അടിയന്തരകാര്യങ്ങൾ സംസാരിക്കാനുണ്ട്. അതുകൊണ്ട് അദ്ദേഹത്തിൻെറ ശരിയായ മേൽവിലാസം അറിയിച്ചുതരികയോ അല്ലെങ്കിൽ എവിടെ ഉണ്ടാകുമെന്ന് എഴുതി അയയ്ക്കുകയോ ചെയ്യാൻ അപേക്ഷിക്കുന്നു.

ഒററപ്പാലം } വി. ഗോവിന്ദനുണ്ണിനായർ ബി. ഏ.
ഡിസ്ട്രിക്ട് കോർട്ടുവക്കീൽ.

ഈ പരസ്യം പ്രസിദ്ധപ്പെടുത്തിയതിൽപ്പിന്നെ ഒന്നുരണ്ടാഴ്ച കഴിഞ്ഞിട്ട് ഒരു കത്തു ഗോവിന്ദനുണ്ണിനായൎക്കു കിട്ടി. ആ കത്തു വന്നപ്പോൾ ജാനകി അവിടെ ഉണ്ടായിരുന്നില്ല. അവളെ തഞ്ചാവൂർ ജനറൽ ഡിപ്ല്യൂട്ടികലക്ടു

രായ മിസ്റ്റർ കെ. രാമമേനോൻ ബി. ഏ. വിവാഹം കഴിച്ചു കൊണ്ടുപോയിരിക്കുന്നു. ആ കത്തിലെ വിവരം ഗോവിന്ദനുണ്ണിനായർ നേരിട്ടു മാലതിയോടു പറഞ്ഞതുമില്ല.

ആ കാലത്തുതന്നെ ഗോവിന്ദനുണ്ണിനായർ മാലതിക്കുവേണ്ടി പണികഴിപ്പിച്ച വീട്ടിലേയ്ക്കു താമസം മാററുകയും കാര്യങ്ങൾ അന്വേഷിപ്പാനും മററുമായി ഒരു നല്ല കാര്യസ്ഥനെ നിശ്ചയിക്കുകയും മാലതിയുടെ സ്വത്തിനെ സംബന്ധിച്ച് എല്ലാ റിക്കാർട്ടുകളും വിശ്വസ്തനായ ആ കാര്യസ്ഥനെ ഏല്പിച്ചു കൊടുക്കുകയും ബാങ്കുരശീതികളും ചില പ്രത്യേക റിക്കാർട്ടുകളും മാത്രം ഒരു കവറിനുള്ളിലാക്കി പശവെച്ചു "ഇതു ഞാൻ മരിച്ചശേഷം തുറന്നുനോക്കിയാൽ മതി" എന്നു പറഞ്ഞു മാലതിയുടെ കയ്യിൽ കൊടുക്കുകയും കുറച്ചുനാൾ മാലതിയോടൊരുമിച്ചു താമസിച്ചശേഷം ഒററപ്പാലത്തേയ്ക്കുതന്നെ പോകുകയും ചെയ്തു. പിന്നീട് അദ്ദേഹം മടങ്ങുകയുണ്ടായിട്ടില്ല. പോയിട്ട് ഒരു മാസം കഴിയുംമുമ്പ് അത്യാസന്നദീനത്തിലായി. മാലതി ഒററപ്പാലത്തുപോയി അദ്ദേഹത്തെ വേണ്ടുംവണ്ണം ശുശ്രൂഷിക്കയും ചികിത്സകൾ ചെയ്യിപ്പിക്കുകയും ചെയ്തു. ഡോക്ടർമാർ എല്ലാം കയ്യൊഴിച്ചു. അപ്പോഴേയ്ക്കു ജാനകിയുടെ ഭർത്താവും അവധി എടുത്തു ജാനകിയോടുകൂടി എത്തി. ഭാഗ്യവാനായ ഗോവിന്ദനുണ്ണിനായർ ചരമഗതിയെ പ്രാപിച്ചു.

തളിയും കുളിയും അടിയന്തരവും കഴിഞ്ഞശേഷം മാലതിയും ജാനകിയും ജാനകിയുടെ ഭർത്താവും കൂടി കാശിക്കുപോകയും ഗയാശ്രാദ്ധം കഴിക്കുകയും ബോംബേ, ഡൽഹി, കല്ക്കത്ത മുതലായ ദിക്കുകളിൽ സഞ്ചരിക്കുകയും ചെയ്തു.

MADRAS

## നാലാം അദ്ധ്യായം

മിസ്റ്റർ രാമമേനോൻെറ അവധി കഴികയാൽ അദ്ദേഹം തിരികേ തഞ്ചാവൂർക്ക് പോയിരിക്കുന്നു. ജാനകി ഒരു കൊല്ലത്തേക്ക് എങ്ങും പോകാതെ മാലതിയോടൊരുമിച്ചു താമസിപ്പാൻ തീർച്ചയാക്കി. ജാനകിയുടെ അമ്മ മുമ്പേതന്നെ മരിച്ചിരിക്കുന്നു. അവൾക്കു സഹോദരന്മാരാരും ഇല്ല. അതുകൊണ്ട് അവൾ ഏകാകിനിയുമായിരുന്നു. ജാനകിയുടെ തറവാട്ടുകാര്യം നന്നേ പരുങ്ങലാണ്. സ്വന്തമായിട്ട് ഒരു സ്വത്തും അവൾക്കു കിട്ടാനില്ല. ഏകദേശം മുപ്പതിനായിരം ഉറുപ്പിക വിലവരുന്ന സ്വത്തുക്കൾ ഗോവിന്ദനുണ്ണിനായർ സമ്പാദിച്ചു. അതിൽ പാതി തറവാട്ടിലേയ്ക്കു കൊടുക്കയും ബാക്കി ജാനകിയുടെ പേരിൽ ആധാരം എഴുതി വെയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്വത്തു കൂടി നോക്കി നന്നാക്കുവാൻ ജാനകി മാലതിയെ ഏല്പിച്ച് അവളോടുകൂടെത്തന്നെ താമസിപ്പാൻ നിശ്ചയിച്ചതു എല്ലാംകൊണ്ടും ഭംഗിയായെന്നു മിസ്റ്റർ രാമമേനോനും ആലോചിച്ചു.

ഗോവിന്ദനുണ്ണിനായരുടെ മരണത്താൽ മാലതി ജാനകിയേക്കാൾ വ്യസനിച്ചുവെന്നു പറഞ്ഞാൽ അത് അസ്വാഭാവികമാണെന്നു ചിലർ പറയുമായിരിക്കാം. എന്നാൽ വാസ്തവം അങ്ങിനെയായിരുന്നു. "ജാനു! ഞാൻ അനാഥയായി. ഞാൻ വീണ്ടും അഗതിയായി." എന്നു പറഞ്ഞ് മാലതി കരയുമ്പോൾ എല്ലാം അവളെ ആശ്വസിപ്പിക്കാൻ ജാനകി വളരെ പ്രയത്നിക്കേണ്ടിവന്നിരുന്നു.

ഒരു ദിവസം രാത്രി ഊണുകഴിഞ്ഞു മാലതിയും ജാന

കിയുംകൂടി മാളികയുടെ വരാന്തയിൽ ഇരുന്ന് ഓരോന്നു സംസാരിക്കുന്നതിന്നിടയിൽ മാലതി പഴയ പല്ലവി ആവത്തിച്ചു:—"ജാനു! ഞാൻ അനാഥയായി. വീണ്ടും അഗതിയായി" ജാനു:—"അമ്മു? ഇങ്ങിനെ ആവശ്യമില്ലാതെ ഓരോന്നു പറയുന്നതെന്താണ്? ദൈവവും അച്ഛനും നമ്മെ രക്ഷിക്കില്ലേ?"

മാലതി—"ശരിയാണു, ജാനു; ശരിയാണ്. അച്ഛൻ മരിച്ചുപോയാലും നമ്മുടെ കൂടെ ഉണ്ടാകും എന്നുള്ളതിൽ എന്തുതക്കം? എങ്കിലും മനസ്സിന്ന് ഒരു സുഖമില്ല."

പെട്ടെന്നു മാലതിക്ക് എന്തോ ഓർമ്മ വന്നപോലെ അവൾ എഴുനിററ് അകത്തേയ്ക്കുപോയി; ഇരുമ്പുപെട്ടി തുറന്ന് ഒരു കവർ എടുത്തുകൊണ്ടുവന്നു. 'ജാനു! ഇത് അച്ഛൻ മരിക്കുന്നതിന്നു കുറേദിവസം മുമ്പ് എൻെറ വക്കൽ തന്നതാണ്. അച്ഛൻെറ അഭാവത്തിൽ മാത്രമേ പൊളിച്ചു നോക്കാവൂ എന്നു പറഞ്ഞിട്ടുണ്ട്. ഇപ്പോഴാണ് അത് എനിക്ക് ഓർമ്മവന്നത്. ജാനുകൂടി ഉണ്ടല്ലൊ. ഇത് എന്താണെന്നു നോക്കാം' എന്നു പറഞ്ഞു കവർ പൊളിച്ചു.

പൊളിച്ചു നോക്കിയപ്പോൾ അതു നിറച്ചും ബാങ്കു രശീതികളാണു കണ്ടത്. അത് ഓരോന്നായി എടുത്തു നോക്കി മാലതി ജാനുവിൻെറ കയ്യിൽ കൊടുത്തു. ആ രശീതികൾ മാററിവെച്ചു വരുമ്പോൾ ഒരു ചെറിയ കവർ കണ്ടു. അതും തുറന്നു നോക്കി. അതിൽ ഒരെഴുത്തായിരുന്നു. എഴുത്തോടുകൂടി ഒരു ഛായയും ഉണ്ടായിരുന്നു. ഛായ നോക്കിയപ്പോൾ ആ ഛായ താൻ മുമ്പ് കണ്ടപോലെ മാലതിക്കു തോന്നി. അവൾ അതു മടിയിൽവെ

ച്ചു കത്തു വായിച്ചുതുടങ്ങി. കത്തു പാലക്കാട്ടുനിന്നായിരുന്നു.

"നിങ്ങൾ കഴിഞ്ഞാഴ്ചയിലെ 'കേരളപത്രിക'യിൽ പ്രസിദ്ധപ്പെടുത്തിയ പരസ്യം ഞാനും വായിച്ചു. മിസ്റ്റർ പി. എസ്സ്. മാധവമേനോൻ എന്നാളെ ഞാൻ അറിയും. ആയാൾ എന്റെ കൂടെ വിക്ടോറിയാകോളേജിൽ പഠിച്ചിരുന്ന ഒരു വിദ്യാൎത്ഥിയാണ്. ആയാൾ കഴിഞ്ഞ പരീക്ഷയിൽ തോററുപോയി. അപ്പോഴേയ്ക്കു അയാളുടെ അച്ഛനും അമ്മയും രണ്ടു സഹോദരിമാരും വിഷൂചിക പിടിച്ചു മരിച്ചു. ഇയാൾ തനിച്ചായി. അവൎക്കു കുറെ സ്വത്തുണ്ടായിരുന്നു. അതെല്ലാം ഈ വിദ്വാന്റെ പഠിപ്പുകൊണ്ടും ധാരാളച്ചിലവുകൊണ്ടും മററും കടത്തിലായിരുന്നുവത്രേ. ഏതായാലും ആ സ്വത്തുക്കൾ ഒന്നും ഇയ്യാൾക്ക് ഉപകരിക്കാത്തവിധത്തിലാണ് കിടക്കുന്നത്. ഇതെല്ലാംകൂടി ആലോചിച്ചിട്ടോ എന്തോ ഒരു ദിവസം രാത്രി ആയാൾ എന്നോട് "എനി നാം തമ്മിൽ കാണുകയില്ലാ. ഞാൻ പോകയാണ്. എനിക്ക് ഇവിടെ ഇരിക്കാൻ മനസ്സുവരുന്നില്ല" എന്നു പറകയും ഞാൻ മറുവടി പറയുംമുമ്പ് പടികടന്നു പോകയും ചെയ്തു. ഈ സംഭവം കഴിഞ്ഞു മൂന്നാം ദിവസം താരക്കാട്ടു കുളത്തിൽനിന്നു വിക്ടോറിയാകോളേജിൽ പഠിച്ചിരുന്ന ഒരു വിദ്യാൎത്ഥിയുടെ ശവം കിട്ടിയതായും മററും പറയുന്നതു കേട്ടു. ഞാൻ അന്വേഷിച്ചു ചെന്നപ്പോഴേയ്ക്കു പൊല്ലീസ്സുകർ ആത്മഹത്യയാണെന്നു നിശ്ചയിച്ചു ശവം മറവുചെയ്തിരിക്കുന്നു. ഇതു മാധവന്റെ ശവമാണെന്നു എനിക്കു തോന്നി. ഇങ്ങിനെയാണ് ആയാളുടെ കഥ. നിങ്ങൾ ആവശ്യപ്പെടുന്ന ആൾ

ഞാൻ പറയുന്ന ആഠം തന്നെയാണോ എന്നറിവാൻ വേണ്ടി ഇതൊന്നിച്ച ഒരു ഛായകൂടി അയയ്ക്കുന്നു.''

കത്തു വായിച്ചു തീൎന്നതും മാലതി മോഹാലസ്യപ്പെട്ടതും ഒരുമിച്ചാണ്. ജാനു വല്ലാതെ പരിഭ്രമിച്ചു. ''എന്താ! അമ്മ, അമ്മവിന്'' എന്നു ചോദിച്ച് പെട്ടെന്നു മാലതിയെ താങ്ങിക്കൊണ്ടു ദാസിയെ വിളിച്ചു. ദാസി ഉടനെ ജാനകിയുടെ ആജ്ഞപ്രകാരം ഒരു കിടക്ക വിരിച്ചു. ജാനകിയും ദാസിയുംകൂടി മാലതിയെ താങ്ങി കിടക്കയിൽ കിടത്തി. ദാസിയുടെ ചോദ്യങ്ങഠംക്ക് ഉത്തരം പറയാതെ ജാനകി മാലതിയെ ശുശ്രൂഷിപ്പാൻ തുടങ്ങിയതുകൊണ്ട് ഒന്നുരണ്ടു മണിക്കൂറിന്നുള്ളിൽ മാലതിക്കു ബോധം വീണു. അവഠം കണ്ണുമിഴിച്ചു നോക്കിയപ്പോഠം ജാനകി ഇരുന്നു വീശുകയാണ്. മാലതി വിശറിയെ കൈകൊണ്ടു വിലക്കി 'വെള്ളം' എന്നു പതുക്കെ പറഞ്ഞു. ജാനകി അല്പം പാലെടുത്തു വായിൽ ഒഴിച്ചുകൊടുത്തു. അത് ഇറക്കിയ ശേഷം മാലതി വീണ്ടും കണ്ണടച്ചു.

അവഠം ആ രാത്രി മുഴുവനും നല്ലവണ്ണം ഉറങ്ങി. രാവിലെ എഴുനീററപ്പോഠം അത്ര വലിയ ക്ഷീണം കണ്ടില്ല. മാലതി നേരത്തെ എഴുനീററതുകൊണ്ടു ജാനകിക്കു വലിയ സന്തോഷമായി എന്നു പറവാനില്ലല്ലോ.

അന്നു മുതൽക്കു മാലതിയുടെ ഭാവവും സ്വഭാവവും ഒന്നു ഭേദപ്പെട്ടു. അവഠം ജീവകാലം മുഴുവനും, തൻെറ പ്രിയ ഭൎത്താവിൻെറ പുനരാഗമനം പ്രതീക്ഷിച്ചുംകൊണ്ടും വ്രതങ്ങഠം നോററും പുണ്യകൎമ്മങ്ങഠംചെയ്തും ജീവിക്കുവാൻ തീൎച്ചയാക്കിയിരിക്കുന്നുവെന്നു പറഞ്ഞുകൊണ്ട് ഒരു പുതിയ ജീവിതപദ്ധതിയിനെ അവലംബിച്ചു. ശുദ്ധവസ്ത്രങ്ങ

ളും ആഭരണങ്ങളും മാററി കാഷായവസ്ത്രങ്ങളേയും രുദ്രാക്ഷമാലയേയും കൈക്കൊണ്ടു. ഒന്നുരണ്ടു ക്ഷേത്രങ്ങൾ പണിചെയ്യിപ്പാനാരംഭിച്ചു. ഇതിന്നെല്ലാം പുറമെ ഭർത്താവില്ലാത്ത അഗതിസ്ത്രീകളേയും അച്ഛനില്ലാത്ത സാധുബാലികാബാലന്മാരേയും രക്ഷിക്കുവാനും പഠിപ്പിക്കുവാനുമായി ഒരു അനാഥരക്ഷണശാലയും ഒരു പ്രാഥമികപാഠശാലയും സ്ഥാപിച്ചു. ഈ രണ്ടു സ്ഥാപനങ്ങളും ശാശ്വതമായി നടക്കത്തക്ക നിലയിൽ തന്റെ പേരിൽ മുടങ്ങിക്കിടക്കുന്ന രണ്ടുലക്ഷം ഉറുപ്പിക ഒരു ധർമ്മസ്വത്തായി നീക്കിവെച്ചു. അനാഥരക്ഷണശാലക്കു "മാധവാശ്രമ"മെന്നും അനാഥപാഠശാലക്കു "മാധവോദയ പാഠശാല" എന്നും പേരിട്ടു. മാധവോദയത്തിൽ പഠിക്കുന്ന കുട്ടികൾക്കെല്ലാം മാധവാശ്രമത്തിൽനിന്നു സകല ചിലവും കൊടുത്തുവന്നു. ആറുമാസകാലംകൊണ്ട് ഈ രണ്ടു സ്ഥാപനങ്ങളും മലയാളത്തിലെ സ്ഥാപനങ്ങളിൽ വെച്ച് എല്ലാവിധത്തിലും അത്യുൽകൃഷ്ടമായ ഒരു സ്ഥിതിയിൽ ഉയൻവന്നു.

ചുരുങ്ങിയ സമയത്തിനുള്ളിൽ മാധവാശ്രമത്തിൽ അസംഖ്യം മലയാളസ്ത്രീകൾ വന്നു താമസമാക്കി. പാഠശാലയിൽ വളരെ കുട്ടികളും ഉണ്ടായി. മാലതിയുടെ ഈ ഔദാര്യാതിരേകം കണ്ടും കേട്ടും ജനങ്ങൾ ആശ്ചര്യപ്പെടുകയും അവളെ സ്തുതിക്കുകയും ചെയ്തു. എല്ലാവരും അവളെ 'മാലതിയമ്മ' എന്നു വിളിക്കേണ്ടതിന്നു പകരം 'മാലതിദേവി' എന്നു വിളിച്ചുതുടങ്ങി. എന്നാൽ അനാഥരക്ഷണശാലക്കു 'മാധവാശ്രമ'മെന്നും പാഠശാലക്കു 'മാധവോദയപാഠശാല' എന്നും പേരിട്ടതിന്റെ ആന്തരാർത്ഥംപൊതുജനങ്ങൾക്ക് എന്നുവേണ്ട—ജാനുവിന്ന് ഒഴിച്ച് ആക്കും—മനസ്സിലായിട്ടുണ്ടായിരുന്നില്ല.

———

## അഞ്ചാം അദ്ധ്യായം.

പുതിയ അസിസ്റ്റണ്ടു കലക്ടർ മഃത്തായ് ഐ. സി. എസ്സ്. അവർകളാണ് 'മാധവാശ്രമ'ത്തേയും 'മാധവോദയപാഠശാല'യേയും തുറക്കുന്ന അടിയന്തരം നിവ്വഹിച്ചത്. സുശീലനും സുമുഖനുമായ ഇദ്ദേഹം ഇതിന്മുമ്പു കുംഭകോണം സബ് കലക്ടരായിരുന്നു. അക്കാലത്തു തന്നെ മിസ്റ്റർ രാമൻമേനോനും ജാനകിയും മിസ്റ്റർ മത്തോയും തമ്മിൽ വളരെ താല്പയ്യമായിട്ടുണ്ട്. ആ വഴിക്കു മാലതിദേവിയെപ്പററിയും ഇദ്ദേഹം കേട്ടിട്ടുണ്ടായിരുന്നു. എന്നാൽ മാലതി ഒരു രാജവംശത്തിൽ ഉള്ളവളും ജാനകിയുടെ അച്ഛൻ ഗോവിന്ദനുണ്ണിനായരുടെ ഒരു ചാർച്ചക്കാരിയുമാണെന്നല്ലാതെ ഒരു ധർമ്മശീലയും യോഗിനിയുമാണെന്ന് അദ്ദേഹം അറിഞ്ഞിട്ടുണ്ടായിരുന്നില്ല. മാധവാശ്രമം തുറന്ന ദിവസം ജാനകി സായ്പിനെ കാണ്മാൻ വേണ്ടി ബങ്കളാവിൽ പോയപ്പോഴാണ് മാലതിയുടെ തല്ക്കാലസ്ഥിതിയെപ്പററി സായ്പിന്ന് അറിവു കിട്ടിയത്. അന്നുമുതല്ക്കു സായ്പ് മാലതിദേവിയെ ഒന്നു കാണ്മാൻ ആഗ്രഹിച്ചിരുന്നു. പക്ഷെ അല്പദിവസംകൂടി മലപ്രത്ത് ഇരുന്ന ഉടനെ അദ്ദേഹത്തെ വീണ്ടും കുംഭകോണത്തേക്കുതന്നെ മാററുകയാൽ ആ ആഗ്രഹം സഫലമായില്ല.

മാധവാശ്രമം തുറന്നിട്ട് ഏകദേശം ഒരു കൊല്ലമായിരിക്കുന്നു. ജാനകി അച്ഛൻ മരിച്ചിട്ട് ഒരു കൊല്ലം കഴിഞ്ഞതുകൊണ്ടു തഞ്ചാവൂരിലേക്കുതന്നെ പോയിരിക്കുന്നു. മാലതീദേവി ദിനംപ്രതി വിയോഗദുഃഖത്തെ മറന്നു യോഗമാർഗ്ഗത്തിൽ കടന്നു ലയിച്ചുതുടങ്ങിയിരിക്കുന്നു. മാലതി

പകൽ സമയം മുഴുവനും മാധവാശ്രമത്തിൽ പോയി അവിടെ സ്ഥിരതാമസക്കാരായ സ്ത്രീജനങ്ങളിൽ തൊഴിൽ എടുക്കുന്ന ചെറുപ്പക്കാരികളൊഴിച്ചു മററെല്ലാവക്കും ഭക്തിപരങ്ങളായ കഥകഠം പറഞ്ഞു കേഠപ്പിച്ചും പുരാണങ്ങഠം വായിച്ച് അത്ഥം പറഞ്ഞുകൊടുത്തും അവരെയെല്ലാം സന്തോഷിപ്പിച്ചും, വൃദ്ധതകൊണ്ട് അവശകളായ സ്ത്രീകളെ ശുശ്രൂഷിച്ചും രാത്രിയിൽ ദേവിയെ ആരാധിച്ചും വരികയാണ്. ഇക്കാലത്ത് ഒരുദിവസം കാലത്തു 7 മണിക്കു മുമ്പു മലപ്രം അസിസ്റ്റണ്ടു കലക്ടരായിരുന്ന മിസ്റ്റർ മത്തോബിൻെറ ഒരെഴുത്തോടുകൂടി മാലതിയുടെ കാര്യസ്ഥനും ഒരു നല്ല ധനവാനും താലൂക്കുബോർഡു മെമ്പറും ആയ മാധവപ്പുതുവാഠം മാലതിയെ കാണ്മാൻ ചെന്നു. സായ്പിൻെറ എഴുത്തു പുതുവാഠംക്കായിരുന്നതിനാലാണ് അദ്ദേഹം തന്നെ മാലതിയെ കാണ്മാൻ ചെന്നത്. അന്നു നാലുമണിക്കു സായ്പിന്നു മാലതീദേവിയെ ഒന്നു കണ്ടാൽ കൊള്ളാമെന്നും സൌകയ്യമുണ്ടെങ്കിൽ വിവരം അറിയിക്കേണമെന്നുമായിരുന്നു എഴുത്തിൻെറ സാരം. പുതുവാഠം എഴുത്തുകാണിച്ചു വിവരം പറഞ്ഞപ്പോഠം മാലതീദേവി അല്പം ആലോചിച്ച ശേഷം "ആട്ടെ വിരോധമില്ല" എന്നു മറുവടി പറഞ്ഞു.

പുതുവാളിൽനിന്ന് അനുകൂലമായ മറുവടി കിട്ടിയതുകൊണ്ടു സായ്പ് നാലുമണിക്കു മാലതീദേവിയുടെ ഗൃഹത്തിൽ എത്തി. സായ്വും മാലതിയും തമ്മിലുള്ള കൂടിക്കാഴ്ചക്കു പടിപ്പുരസ്രാമ്പിയുടെ മുകളിലാണ് ഏപ്പാടു ചെയ്തിരുന്നത്. സായ്പ് വന്ന ഉടനെ പുതുവാഠം സായ്പിനെ മുകളിലേക്കു കൂട്ടിക്കൊണ്ടുപോയി ഇരുത്തി വേണ്ടതുകക്കു

ഉപചാരങ്ങൾ ചെയ്തു. അധികം താമസിയാതെ മാലതീദേവി മുകളിലേയ്ക്കു ചെന്നു. ദിവ്യാംബരാഹ്മായ ആ ലളിതശരീരത്തെ കാഷായവസ്ത്രങ്ങളെക്കൊണ്ടും കാഷായകഞ്ചുകങ്ങളെക്കൊണ്ടും മറച്ചും, യൌവനംകൊണ്ട് ഉയന്നുയന്നു വന്നിരുന്ന കുചകലശങ്ങളിൽ രുദ്രാക്ഷമാലകളെ അണിഞ്ഞും, പനിനീരിതളുപോലെ ഇളമയുള്ള കവിൾതടങ്ങളിൽ ഭസ്മംപൂശിയും, നിബിഡമായ കേശഭാരത്തെ അഴിച്ചു പുറകോട്ടു തള്ളിയും ആണ് എങ്കിലും മാലതീദേവിയുടെ കണ്ണുകളിലുള്ള സ്വാഭാവികതേജസ്സും മുഖത്തുള്ള കാന്തിയും അത്ഭുതകരമാംവണ്ണം മുന്നോട്ടു പ്രവേശിച്ചുകൊണ്ടുതന്നെ ഇരുന്നിരുന്നു. അവളുടെ പരിസരങ്ങളിൽപോലും മഹിമയോടുകൂടി ഒരു മഹാശാന്തത പ്രചരിക്കുന്നുണ്ടായിരുന്നു. മാലതി അകത്തുകടന്നു് ഉടനെ സായ്പ് കസേരയിൽനിന്നു് എഴുനീററ് 'ജയ. ജയ' എന്നുച്ചരിച്ചുപോയി.

മാലതി തെല്ലൊന്നു് അമ്പരന്നുകൊണ്ട് 'സ്വസ്തി' എന്നു സംസ്കൃതത്തിൽ തന്നെ മറുവടി പറഞ്ഞു സായ്പിൻെറ അടുത്തു ചെന്നുനിന്നു് ഇരിക്കാം എന്നു കൈകൊണ്ട് കാണിച്ചു. സായ്പ് ആജ്ഞാനുസാരം ഇരുന്നു. പിന്നീടു മാലതിയുടെ ആകാരം മുഴുവനും ദൃഷ്ടികളാൽ പരിശോധിച്ചുനോക്കി ഒടുവിൽ ഒരു ദീഗ്ഘനിശ്വാസംചെയ്തു.

അല്പനേരം പ്രതീക്ഷിച്ചിട്ടും സായ്പ് ഒന്നും പറയുന്നില്ലെന്നു കണ്ടു മാലതീദേവി തന്നെ ഇംഗ്ലീഷിൽ ഇങ്ങിനെ പറഞ്ഞു:_വളരെ സന്തോഷമായി. സായ്പിവിടെനിന്നു മാറിപ്പോയി എന്നാണ് ഞാൻ വിചാരിച്ചിരുന്നത്. മാധവാശ്രമത്തെ തുറക്കുന്ന അടിയന്തരം സായ്പവർകൾ സന്നി

ഹിതന്നായി നിവൃത്തിച്ചതന്നെതുകൊണ്ട് എനിക്കുള്ള കൃതജ്ഞതയെ സായ്പിനോടു നേരിട്ട് അറിയിപ്പാൻ ഇന്ന് എനിക്കു സാധിച്ചതിൽ ഞാൻ കൃതകൃത്യയായിരിക്കുന്നു.

മത്തോബ് — വന്ദനം. നിങ്ങളെ കാണ്മാൻ സംഗതിവന്നതിൽ എനിക്കാണു കൃതകൃത്യതയുള്ളത്. ഞാൻ കുംഭകോണത്തേക്കു തന്നെ മാറിപ്പോയി എങ്കിലും എന്റെ ജീവൻ മലയാളത്തിലാണ് ഇരിക്കുന്നത്. ഇപ്പോൾ രണ്ടു മാസത്തെ കല്പനയെടുത്തിരിക്കയാണ്.

മാലതി — ശരി! മലയാളം വളരെ ദുർഭിക്ഷമുള്ള ഒരു രാജ്യമാണ്. ഇവിടെ അഗതികളുടെ കൂടാണ്. ആ സ്ഥിതിക്ക് ഐശ്വര്യമേറിയ രാജ്യത്തിൽ ജനിച്ചു വളന്ന നിങ്ങളാൽ ചിലർ ഇവിടെ വന്നാൽ വളരെ ബുദ്ധിമുട്ടിയേക്കാം. എങ്കിലും നിങ്ങൾക്ക് ഈ രാജ്യക്കാരോടു വളരെ ദയവും സ്നേഹവുമുണ്ടെന്ന് അറിയുന്നത് ആശ്വാസകരമാണ്.

മത്തോബ് — ദുർഭിക്ഷം ഇന്ത്യയിൽ എങ്ങുമുണ്ട്. എന്നാൽ മലയാളത്തിലാണ് അതു കുറെ കുറവായിക്കാണുന്നത്.

മാലതി — അങ്ങിനെ തോന്നുകയാണെന്നാണ് എന്റെ വിനയപൂർവ്വമായ അഭിപ്രായം. വാസ്തവത്തിൽ ഇവിടെയാണ് അധികം അഗതികൾ ഉള്ളത്. മറ്റുള്ള രാജ്യങ്ങളിൽ അഗതികളെ രക്ഷിപ്പാൻ ആളുകളുണ്ട്. അതുകൊണ്ട് അവിടങ്ങളിൽ അഗതികൾ അധികമുണ്ടെന്നു തോന്നുകയാണ്. ഇവിടെ അതിന്ന് ആരുമില്ല.

മത്തോബ് — നിങ്ങൾ പറയുന്നതു വാസ്തവമായിരിക്കാം.

ഏതായാലും നിങ്ങളുടെ അഗതിരക്ഷയ്ക്കുള്ള പ്രാരംഭം ഏറ്റവും അഭിനന്ദനീയംതന്നെയാണ്.

മാല:—അയ്യോ! ഞാൻ അഭിനന്ദനത്തെ ഉദ്ദേശിച്ചല്ലാ എന്റെ രക്ഷയെ ഉദ്ദേശിച്ചാണു തുച്ഛമായ ഈ ഏൎപ്പാടു ചെയ്തിരിക്കുന്നത്. ആകട്ടേ; സായ്പിന്റെ വരവിന്നു പ്രത്യേകമായ വല്ല കാരണവും ഉണ്ടോ എന്നറിവാൻ എനിക്കു മോഹമുണ്ട്.

മുത്തോബ്—ഉണ്ട്_ വാസ്തവം പറകയാണെങ്കിൽ എന്റെ ഈ ആഗമനം സ്വയംകൃതമല്ല. ഇതിന്നുള്ള കാരണം നിങ്ങൾതന്നെയാണ്.

മാല—സായ്പ് പറഞ്ഞതിന്റെ അൎത്ഥം മുഴുവൻ എനിക്കു മനസ്സിലായില്ല എന്നു പറയുന്നതിൽ വല്ല അബദ്ധവുമുണ്ടെങ്കിൽ ക്ഷമിപ്പാൻ അപേക്ഷിക്കുന്നു.

സായ്പ് —പറയാം. വിശദമായി പറയാം. എന്നാൽ നമ്മുടെ സംഭാഷണം കുറേക്കൂടി രഹസ്യമായിരിക്കേണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

മാലതി പുതുവാളെ ഒന്നു നോക്കി. അവളുടെ ഉള്ളിൽ അവിചാരിതപൂൎവ്വമായ ഒരു സ്തോഭം അങ്കുരിച്ചപോലെ അവൾക്കു തോന്നി. എങ്കിലും അവൾ ധൈൎയ്യമവലംബിച്ചു പറഞ്ഞു:—"വിരോധമില്ല. മിസ്റ്റർ പൊതുവാൾ താഴത്തുപോയ്ക്കൊള്ളും."

മാലതിയുടെ വാക്കുകേട്ടു പുതുവാൾ താഴത്തിറങ്ങിപ്പോയശേഷം സായ്പ് തന്റെ കീശയിൽനിന്നു "വെസ്റ്റ് കൊസ്റ്റ് ഒബ്സെർവർ" എന്ന ഇംഗ്ലീഷുപത്രം എടുത്തു അതിൽ താൻ നീലപ്പെൻസിൽകൊണ്ട് അടയാളംവെച്ച ഒരു ഭാഗത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട്:_ "ഇതാ! ഇതു

നോക്കു" എന്നു പറഞ്ഞു മാലതിയുടെ കയ്യിൽ ഇട്ടുകൊടു ത്തു. മാലതി കടലാസ്സു വാങ്ങി നോക്കി. ആ അടയാളം വെച്ചിരുന്നതു മുമ്പു ഗോവിന്ദനുണ്ണിനായർ അവൾക്കുവേ ണ്ടിച്ചെയ്ത പരസ്യമായിരുന്നു. അതു വായിച്ചു നോക്കിയ പ്പോഴെയ്ക്ക് അവളുടെ ദേഹം തളൎന്നു. ഉടനെ അടുത്തുള്ള ഒരു കേസരിമേൽ ഇരുന്നുകൊണ്ട് അവൾ സായ്പിനെ സൂ ക്ഷിച്ചുനോക്കി. ദുർഭരങ്ങളായ വിചാരങ്ങൾ അവളുടെ ഉള്ളിൽ ഉയൎന്നുവന്നു. ഒടുവിൽ അവൾ:– "ഈ പരസ്യ വും സായ്പിന്റെ വരവും തമ്മിലുള്ള അടുപ്പം മനസ്സിലാകു ന്നില്ല" എന്നു മന്ത്രിച്ചു.

മത്തോബ് – അല്പമൊന്നുണ്ട്. ഇയ്യിടെ ഞാൻ മലപ്പു ത്ത് ഇരിക്കുമ്പോൾ ഈ പരസ്യത്തിന്റെ വിവരം എ നിക്കു കിട്ടി. അതിനെപ്പററി ശരിയായ അന്വേഷണം കഴിക്കുവാനിടയാകുംമുമ്പു ഞാൻ ഇവിടെനിന്നും കുംഭ കോണത്തേയ്ക്കു മാററമായിപ്പോകയും ചെയ്തു. അവിടെ വെച്ചു ഡിപ്പ്യൂട്ടി കലക്ടർ മിസ്റ്റർ രാമമേനോനോടു ചോദിച്ചപ്പോൾ ഇതിന്റെ ആഗമം മനസ്സിലായി.

മാലതി—അപ്പോൾ ഈ പരസ്യത്തെപ്പററി സായ്പ് അ ന്വേഷിച്ചത് എന്തിനാണ്?

മത്തോബ് —അതോ? ഇതിൽ പറയുന്ന മാധവമേനോ നെ ഞാൻ അറിയും. നിങ്ങളുടെ പേരായിട്ടുതന്നെ ഒരു പെൺകുട്ടിയേയും ഞാൻ അറിയും. അവൾ നി ങ്ങൾതന്നെയാണോ എന്ന് എനിക്കു നിശ്ചയമില്ല.

"ആരായിട്ടെന്താണ്?" എന്നു മന്ത്രിച്ചുകൊണ്ടു മാലതി മുഖം തുടച്ചു മിണ്ടാതെ ഇരുന്നു.

മത്തോബ് —തുടൎന്നു പറഞ്ഞു:–ആ മാധവമേനോൻ ആ

പെൺകുട്ടിയെ ഒരിക്കൽ മാത്രമേ കണ്ടിട്ടുള്ളു. എങ്കിലും അതിൽ പിന്നെ എല്ലായ്പോഴും അവളെ കണ്ടുകൊണ്ടിരിപ്പാൻ ആയാൾ ആഗ്രഹിച്ചുകൊണ്ടിരുന്നു. നിർഭാഗ്യത്താൽ ആയാൾക്ക് ഈ ഭൂമിയെ വിട്ടുപോകേണ്ടിവന്നു. അന്ന്- ആയാൾ പോകുമ്പോൾ_ ആ പെൺകുട്ടിക്കു പതിമ്മൂന്നു വയസ്സു പ്രായമായിരുന്നതേ ഉള്ളു."

മാലതി—തന്നെത്താൻ അറിയാതെ "മരിച്ചുപോയ ആൾ മോഹിച്ചുകൊണ്ടിരുന്നുവോ?" എന്നു മന്ത്രിച്ചു.

മത്തായി —ദേഹംമാറിയാലും മോഹം മാറുകയില്ല. അത് ഒരു മനോവൃത്തിയാണ്. മനസ്സോടൊന്നിച്ചു നശിക്കുകയും ഉള്ളു.

ഈ സ്വരം മാലതിയുടെ ഉള്ളിൽ ഊക്കോടെ തറച്ചു. അവൾ ഉറങ്ങുകയല്ലായിരുന്നുവെങ്കിലും ഒരു സ്വപ്നം കണ്ടതുപോലെ മയങ്ങി ഇരിക്കയായിരുന്നു. അവളുടെ ഹൃദയം ആലോചനകളാൽ അതിദുർഭരമായിരുന്നു. വിചാരിച്ചിട്ടെന്ത്? ഒരെതിരും കാണ്മാനില്ല. അവൾ ചോദിച്ചു:— "എനിക്കൊന്നും മനസ്സിലാകുന്നില്ല. ആ ഏഴപ്പെണ്ണിനെ സായ്പ് അറിഞ്ഞത് അത്ഭുതംതന്നെയാണ്. എന്നാൽ_"

മത്തായി തടുത്തു പറഞ്ഞു:— "അവൾ ഏഴയല്ല. അവൾ ദേവിതന്നെയാണ്. ദൈവമഹിമയുടെ ഉദാഹരണമായ ഒരു വിശേഷസൃഷ്ടിയാണ്. ലാവണ്യവും ലാഘവവും എന്നാൽ പ്രകൃതിസിദ്ധമായ ഗൌരവവും തികഞ്ഞ ഒരുവളാണ്. അവൾ അമൃതമൂർത്തിയാണ്. ആരാധനാർഹമായ കനകബിംബമാണ്."

ഇത്രയും പറഞ്ഞപ്പോഴയ്ക്കു സായ്പിന്റെ മുഖം തുടുത്തു. നെററിയിൽ വിയർപ്പുതുള്ളികൾ പൊടിഞ്ഞു. അദ്ദേഹം

നാവനക്കുവാൻ അശക്തനായിട്ടെന്നപോലെ പിടന്നാട്ടു ചാരിക്കിടന്നു.

മാലതി മൌനം ദീക്ഷിച്ചിരിക്കുന്നതേ ഉള്ളൂ. എന്നാൽ അവൾ പലതും ചിന്തിച്ചുകൊണ്ടിരിക്കതന്നെയാണ്. സായ്പ് പറഞ്ഞുനിൎത്തി എന്നു കണ്ടപ്പോൾ അവൾ പതുക്കെ പറഞ്ഞു:- "അധികം പറഞ്ഞിട്ടു ഫലമെന്താണ്? ആ മാധവമേനോൻ അവളെ ഉപേക്ഷിച്ചാൽ."

മത്തോബ്—ഛേ! ഒരിക്കലും ഇല്ല. അഗ്നി പ്രഭയെ ഉപേക്ഷിക്കയോ? മാധവമേനോൻ ഇപ്പോഴും അവളെ അപേക്ഷിക്കതന്നെയാണ്. അവളുടെ വിരലിൽ ആയാൾ ഇടുവിച്ച മുദ്രമോതിരം ഊരിയിട്ടില്ലെങ്കിൽ- ഇല്ല അത് അവളുടെ വിരലിൽതന്നെ കിടക്കുന്നുണ്ടായിരിക്കും.

മാലതി ഒന്നു ഞെട്ടിക്കൊണ്ടു കയ്യിന്മേൽ നോക്കി. അവൾ ആകപ്പാടെ കുഴങ്ങി. ബിലാത്തിയിൽക്കിടന്നിരുന്ന ഒരു സായ്പു എന്തെല്ലാമാണിശപരാ പറഞ്ഞത്? ഇതെങ്ങിനെ യോജിക്കും? മോതിരത്തിൻെറ കഥ ഞാൻ ജാനുവിനോടുകൂടി പറഞ്ഞിട്ടില്ലല്ലോ. പിന്നെ ഈയാളെങ്ങിനെ എല്ലാം അറിഞ്ഞു? അഥവാ ദൈവം എന്നിൽ ദയതോന്നി അദ്ദേഹത്തെ ജീവിപ്പിച്ചുവോ? അതുണ്ടാവില്ല" ഇത്രയും വിചാരിച്ച് അവൾ സായ്പിൻെറ മുഖത്തേയ്ക്കു ഒന്നുനോക്കി. അതേസമയത്തുതന്നെ അദ്ദേഹത്തിൻെറയും ദൃഷ്ടികൾ അവളുടെ നേരിട്ടുവന്നു. അവ തമ്മിൽ കൂട്ടിമുട്ടി അങ്ങോട്ടും ഇങ്ങോട്ടും പാഞ്ഞു മനസ്സിൽ പതിഞ്ഞപോലെ ഇരുപേൎക്കും അനുഭവപ്പെട്ടു. ഹാ! അപ്പോൾ അവരുടെ മുഖം ഒന്നു കാണേണ്ടതുതന്നെയായിരു

നു. പ്രസാദം, ശങ്ക, അടക്കാൻ വയ്യാത്ത വികാരം, സംഭ്രമം, ലജ്ജ എന്നിവയുടെ കലൎപ്പുകൊണ്ടു രണ്ടു പേരുടേയും മുഖവൎണ്ണത്തിന്നു വല്ലാത്ത ഒരു മാററം വന്നിരുന്നു. അല്പനേരം തന്നെത്താൻ അറിയാതെ അന്യോന്യം നോക്കിയശേഷം മുഖം അങ്ങോട്ടും ഇങ്ങോട്ടും തിരിച്ചു.

മാലതി പറഞ്ഞു:— "ആ മാധവമേനോന്നു വേണ്ടിയായാലും ഇവിടുന്ന് ആ സാധു മാലതിയെപ്പററി ഇത്രയും പുകഴ്ത്തിയല്ലോ. അവൾ ഇപ്പോളും ഒരനാഥബാലികയാണ്. എന്നാൽ ആ മാധവമേനോൻ എവിടെവെച്ചാണ് ഇതൊക്കെ പറഞ്ഞത്?"

മത്തോബ്—അതു പറയാം. ആയാൾ പാലക്കാട്ടു പഠിക്കുന്ന കാലത്തു തിരുവില്വാമലെ ഉത്സവത്തിന്നു വന്നപ്പോൾ അവൾ ഒരനാഥബാലികയായിരുന്നു. ഇപ്പോൾ അവൾ ഒരു രാജ്ഞിയാണ്. നിർഭാഗ്യവാനായ മാധവൻ! അന്തസ്സാരമില്ലാത്തവനെപ്പോലെ ബിലാത്തിക്കു പോയി. പാലക്കാട്ട് അവനെ സഹായിപ്പാൻ ആരും ഇല്ലെന്നു കണ്ടിട്ടാണ് അവൻ പോയത്. അവൻ ബിലാത്തിയിൽപോയി ഐ. സി. എസ്സ്. പരീക്ഷ പാസ്സായി. ബാരിസ്റ്ററായി; പേരു മാററി ഒരു വെറം സായ്പായിത്തീന്ന്, ആചാരത്തിലും വിചാരത്തിലും ഒരു സായ്പായിക്കഴിഞ്ഞു എന്നാലും ഈ മാററത്തിന്നിടയിലെല്ലാം മാലതി അവൻെറ ഉള്ളിൽ കുടികൊണ്ടിരുന്നു. അവളെ ഓക്കുമ്പോൾ അവൻ ഒരു മലയാളിയാണെന്ന് എല്ലായ്പോഴും ഓൎത്തിരുന്നു. അവളെ ഒരിക്കൽ കൂടി കണ്ടു മരിക്കേണമെന്നായിരുന്നു അവൻെറ മോഹം. അവൾ അവനെ ഭൎത്താവായി സ്വീകരിക്കുമെന്ന്

അവൻ ആശിച്ചിട്ടില്ലാ. മലയാളത്തിൽ അവനെ ഭ്രഷ്ടനാക്കിത്തള്ളുകയേ ഉള്ളു എന്ന് അവന്ന് ഉറപ്പുണ്ടായിരുന്നു. എങ്കിലും പരീക്ഷ പാസ്സായമുതൽ മലയാളത്തിലേക്ക് ഒരുദ്യോഗസ്ഥനായി വരുവാൻ അവൻ പ്രാത്ഥിച്ചുകൊണ്ടിരുന്നു. ഇയ്യിടെ ആ പ്രാത്ഥന സഫലമായി. എന്നിട്ടും അവൻെറ പരമോദ്ദേശം സാദ്ധ്യമായില്ല; അവൻ വല്ലാതെ വ്യസനിച്ചു. ഭാഗ്യവശാൽ ഇന്ന് ഇതാ അവനെ ദൈവം അനുഗ്രഹിച്ചിരിക്കുന്നു; സംശയമില്ല. അവൻ തന്നെയാണ് ഈ നില്ക്കുന്നത്. ആ മുദ്രമോതിരം അതാ അവളുടെ വിരലിൽതന്നെ കിടക്കുന്നു. അവൾ രാജ്ഞിയായാലും യോഗിനിയായാലും അവനെ രക്ഷിക്കുമെന്ന് അവൻ വിശ്വസിക്കുന്നു."

ഇത്രയും പറഞ്ഞപ്പോഴയ്ക്കു മാലതിയുടെ എല്ലാ സംശയങ്ങളും തീൎന്നു. അവൾ കരഞ്ഞുകൊണ്ടു "രാജ്ഞിയുമല്ല യോഗിനിയുമല്ല. അനാഥയും അവിടുത്തെ അടിമയും മാത്രമാണേ!" എന്ന് ഉറക്കെ പറഞ്ഞുകൊണ്ടു സായ്പിൻെറ കാക്കൽ വീണു.

മിസ്റ്റർ മത്തോബ് — അല്ലെങ്കിൽ മിസ്റ്റർ മാധവമേനോൻ — മാലതിയെ രണ്ടു കൈകൊണ്ടും പിടിച്ചെഴുന്നേല്പിച്ചു ഗാഢമായ ഒരാശ്ലേഷം ചെയ്തു. ഹാ! എന്തു പരമാനന്ദമാണ് അവർ അനുഭവിക്കുന്നത്. പനിനീർക്കുളത്തിൽ വീണുകിടന്നപോലെ അവരുടെ ശരീരവും ഹൃദയവും തണുത്തുകുളിൎത്തു, കുറച്ചുനേരത്തേയ്ക്കു നാഡികൾതന്നെ സ്തംഭിച്ചുവെന്നു തോന്നുന്നു. രണ്ടുപേൎക്കും ശരിയായ

പ്രജ്ഞ ഉണ്ടായില്ല. ഉൽകൃഷ്ടമായ അനുരാഗത്തിന്റെ അവസ്ഥ നോക്കു!

*  *  *  *

അന്നുരാത്രി മിസ്റ്റർ മാധവമേനോനും മാലതിയുംതമ്മിൽ ഒരോ വൎത്തമാനങ്ങൾ പറഞ്ഞുകഴിഞ്ഞു. പിറേറദിവസംമുതൽ വിവാഹത്തിന്നുള്ള ഒരുക്കങ്ങൾ തുടങ്ങി. ജാനകിക്കു കമ്പി അടിച്ചു. കമ്പികിട്ടിയഉടനെ ജാനകി തഞ്ചാവൂരിൽനിന്നു വന്നു. ഈ വൎത്തമാനം ഒററപ്പാലത്തും അതിന്നടുത്ത പ്രദേശങ്ങളിലും കാട്ടുതീപ്പോലെ പടൎന്നുപിടിച്ചു. ലണ്ടൻ ടൈംസ്സ് മുതലായ ഇംഗ്ലീഷുപത്രങ്ങളിൽപോലും മിസ്റ്റർ മാധവമേനോന്റെ ആശ്ചൎയ്യകരമായ പ്രണയത്തെപ്പററിയും മിസ്റ്റർ മത്തോബ്. ഐ. സി. എസ്സ്. ജന്മനാ ഒരു നായരാണെന്നുള്ള വാസ്തവത്തെപ്പ. ററിയും ദീൎഗ്ഘങ്ങളായ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതിന്നിടയിൽ മാധവമേനോനും മാലതിയും ഒപ്പിട്ട് ഓരോ ഹരജികൾ മലയാളത്തിലെ വൈദികന്മാൎക്കും സാമൂതിരിരാജാവിന്നും കൊച്ചിരാജാവിന്നും അയച്ചു. മാധവമേനോനെ പ്രായശ്ചിത്തം കഴിച്ചു ജാതിയിൽ ചേൎക്കേണമെന്നും അദ്ദേഹം ജാത്യാചാരങ്ങളെ കഴിയുന്നത്ര വിടാതെയാണു കഴിഞ്ഞുകൂടിയിരിക്കുന്നതെന്നും മററുമായിരുന്നു ഹരജികളുടെ സാരം.

ഈ വിഷയത്തിൽ കേരളബ്രഹ്മസമാജക്കാരുടെ നിഷ്കൃഷ്ടയോടുകൂടിയ വാദപ്രതിവാദങ്ങൾ കേട്ടശേഷം, മാധവമേനോനെ വീണ്ടും നായർസമുദായത്തിൽ ചേൎക്കാവുന്നതാണെന്നു കൊച്ചിരാജാവും, സാമൂതിരിപ്പാടും തീൎച്ചപ്പെടുത്തി അതുപ്രകാരം തീട്ടൂരം കൊടുത്തു. മാധവാശ്രമ

ത്തിൻെറ വഷാന്തരയാഗവും മാലതിമാധവന്മാരുടെ വിവാഹവും ഒരു ദിവസത്തിലു നിശ്ചയിച്ചു ക്ഷണനക്കത്തുകഠം നാനാദിക്കിലേയ്ക്കും അയച്ചു. വിവാഹാവസരത്തിൽ മലബാർ കലക്ടർ മുതലായ ഉദ്യോഗസ്ഥന്മാരും ഡാക്ടർ മാധവൻനായർ മുതലായ പൊതുജനപ്രതിനിധികളും ദേശമംഗലത്തു നമ്പൂരിപ്പാട്ട മുതലായ ജന്മികളും നാനാജാതി മതസ്ഥന്മാരായ മററനേകം പേരും ഹാജരുണ്ടായിരുന്നു. കേരളീയനായർസമാജം സിക്രട്ടേരി സമാജം വകയായി മിസ്റ്റർ മാധവമേനോന്ന് ഒരു മംഗളപത്രം സമപ്പിച്ചതിൽ നായന്മാരുടെ ഇടയിൽനിന്ന് ഒന്നാമതായി ഐ. സി. എസ്സ് പരീക്ഷയിൽ ജയിച്ചതിൻെറ സ്മാരകമായി അദ്ദേഹത്തിന്നു ഒരു മെഡൽ കൊടുപ്പാൻ സമാജക്കാർ ആലോചിച്ചുവരുന്നതായി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഡിപ്യൂട്ടി കലക്ടർ മിസ്റ്റർ രാമമേനാൻ ഒരാഴ്ച കല്പനയെടുത്തുവന്നു വിവാഹത്തിന്നുവേണ്ട വട്ടങ്ങഠം കൂട്ടുന്നതിന്നു ജാനകിയെ സഹായിച്ചതുകൊണ്ടു വധൂവരന്മാർ അറിയാതെതന്നെ വിവാഹത്തിൻെറ ആരവാരങ്ങഠം നടന്നു. മാലതി കാഷായവസ്ത്രങ്ങളേയും കണ്ഠരുദ്രാക്ഷങ്ങളേയും ഉപേക്ഷിച്ചു ദിവ്യാംബരാലങ്കാരപരിശോഭിതയായിത്തീന്നു. ശുഭമുഹൂത്തത്തിൽ മാലതി മാധവമേനോനെ മാലയിട്ടു.

ഈ വത്തമാനമെല്ലാം കേട്ട് കൊച്ചിരാജാവു തിരുമനസ്സുകൊണ്ട് പരിഷ്കൃതമായ തൻെറ രാജ്യത്തെ ഭരിക്കുന്നതിന്നു മദിരാശി ഗവമ്മേണ്ടിൻെറ സമ്മതത്തോടുകൂടി മിസ്റ്റർ മാധവമേനോനെ ദിവാൻജിയായി നിശ്ചയിച്ചു മാധവമേനോൻ ജനിച്ചതു കൊച്ചിരാജ്യത്തായിരുന്നതു.

നാൽ കൊച്ചിരാജ്യക്കാൎക്ക് ഈ നിശ്ചയം നിമിത്തം രണ്ടു വിധത്തിൽ സന്തോഷമുണ്ടായി മഹാരാജാവു തിരുമനസ്സിലേയും ദിവാൻജിയേയും അവർ ഏററവും സ്തുതിച്ചു. മാധവമേനോൻ ദിവാൻജിയായതിൽ പിന്നെ കൊച്ചിരാജ്യത്തിൽ പല പരിഷ്കാരങ്ങളും ഏൎപ്പെടുത്തി. ചെറുതുരുത്തി, മുളകുന്നത്തുകാവു, ചാലക്കുടി, തിരുവഞ്ചിക്കുളം എന്നീ ദിക്കുകളിൽ അനാഥരക്ഷണശാലകൾ സ്ഥാപിച്ചു. യാചകന്മാരേയും ദുരാചാരന്മാരായി അലഞ്ഞുനടക്കുന്നവരേയും പിടിച്ച് അനാഥരക്ഷണശാലയിൽ അയപ്പാൻ നിയമത്താൽ നിശ്ചയിച്ചു. നായന്മാരുടെ വിവാഹം നിയമാനുസൃതമാക്കുകയും അച്ഛൻെറ സ്വകാൎയ്യസമ്പാദ്യത്തിന്നു മക്കൾക്കാണ് അവകാശമെന്നു തീരുമാനിക്കയും ചെയ്തു. പ്രാഥമികവിദ്യാഭ്യാസം നിർബ്ബന്ധിതവും നിഷ്പ്രതിഫലവുമാക്കി. എറണാകുളം കോളേജിനെ ഒരു ഒന്നാം ഗ്രേഡ് കോളേജാക്കുകയും കേരളത്തിലേയ്ക്കു മാത്രമായി ഒരു സൎവ്വകലാശാല ഏൎപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. മലയാളഭാഷയുടെ പോഷണത്തിന്നുവേണ്ടി സാഹിത്യകാരന്മാരേയും സാഹിത്യസമാജങ്ങളേയും പ്രോത്സാഹിപ്പിച്ചു. എന്നുവേണ്ടാ, സമുദായനന്മയ്ക്കുതകുന്ന പല ഏൎപ്പാടുകളും ചെയ്തു. രാജാവിൻെറ നിതിദയയും പ്രജകളുടെ ബഹുമാനത്തേയും നേടി. മാലതിയും തൻെറ ഭൎത്താവിനെ അനുസരിച്ച് ഓരോ ഉത്സാഹങ്ങൾ ചെയ്ത് ഈ രാജ്യത്തെ സ്ത്രീജനങ്ങളെ അഭിവൃദ്ധിപ്പെടുത്തി. അതിൽ വെച്ച് ഏററവും പ്രധാനപ്പെട്ട കാൎയ്യം തൃശ്ശിവപേരൂരിൽ വെച്ചു നടത്തിത്തുടങ്ങിയ 'മഹിളാമഹം' എന്ന ഉത്സവമാകുന്നു. ഈ ഉത്സവകാലത്തു കേരളത്തിലെ സ്ത്രീജനങ്ങളുടെ ഒരു മഹായോഗവും സ്ത്രീജനങ്ങളാൽ ഉണ്ടാക്കപ്പെട്ട സാധനങ്ങൾ മാത്രം അടങ്ങിയ ഒരു പ്രദൎശനവും നടത്തിവരുന്നു.

B96

17 DEC 1942

MUL

050791